# ദി ഡിഫെൻഡർ

Vol. No. 12 Issue No. 1 RNI Reg. No. 68089 / 97 Published From Perumbavoor 2009 January 1 Price: Rs.100/- P.A.


# ഷാജിയെ വേണ്ടെന്ന് കോട്ടയം എ.ജി. സഭ

എ.ജിയുടെ എക്സിക്യൂട്ടീവ് അംഗവും കുപ്രസിദ്ധ വ്യഭിചാരിയുമായ പാസ്റ്റർ എ.ഷാജിയെ കോട്ടയം എ.ജി സഭയിൽ പാസ്റ്ററായി നിയമിക്കാനുള്ള നീക്കം പാളി. ഷാജിയെ തങ്ങൾക്കു പാസ്റ്ററായി വേണ്ടെന്ന് കോട്ടയം എ.ജിയിലെ ബഹുഭൂരിപക്ഷം അംഗങ്ങളും പ്രഖ്യാപിച്ചതോടെയാണ് ടി.ജെ.ശമുവലിന്റെ തന്ത്രം പാളിയത്.

ടി.ജെ.ശമുവലിന്റെ മന:സാക്ഷിസൂക്ഷിപ്പുകാരനായ എ.ഷാജി ഇപ്പോൾ ഫോർട്ട് കൊച്ചിയിൽ പാസ്റ്ററാണ്. പക്ഷേ ഷാജിയുടെ ദുർന്നടപ്പിന്റെ കഥകൾ ഡിഫെൻഡർ പുറത്താക്കിയതോടെ ഈ ചങ്ങാതിക്ക് കൊച്ചിയിൽ നിലനിൽപ്പില്ലാതായി. എങ്ങനെയെങ്കിലും കൊച്ചിയിൽ നിന്നു രക്ഷപ്പെടണമെന്ന് ഷാജിക്കും മോഹമുണ്ടായി. അങ്ങനെയാണ് കോട്ടയത്തേക്കു പോകാനുള്ള തന്ത്രം മെനഞ്ഞത്.

സാധാരണയായി ഏപ്രിൽ-മെയ് മാസങ്ങളിലാണ് പാസ്റ്റർമാർക്കു ട്രാൻസ്ഫർ നൽകുന്നത്. പക്ഷേ എ.ഷാജിക്കു കൊച്ചിയിൽ അതുവരെ പിടിച്ചു നിൽക്കാൻ പറ്റില്ല. അതുകൊണ്ടാണ് കാലം തെറ്റിയ ഈ ട്രാൻസ്ഫറിനു ടി.ജെ.ശാമുവൽ തയ്യാറായത്. കോട്ടയം എ.ജി സഭയിലെ വിശ്വാസികൾ ഈ തീരുമാനം അംഗീകരിക്കുമെന്നും ടി.ജെ. കരുതി. പക്ഷേ പ്രതീക്ഷിച്ചതുപോലെയല്ല കാര്യങ്ങൾ നടന്നത്.

എ.ഷാജി ഒന്നാംതരം ദുർന്നടപ്പുകാരനാണെന്ന വസ്തുത ഡിഫെൻഡറിലൂടെ പൊതുജനം അറിഞ്ഞിട്ടുണ്ട്. ഇതൊക്കെ കോട്ടയത്തുള്ള വിശ്വാസികൾക്കും അറിയാം. ഇത്തരത്തിലുള്ള ഒരു ദുർന്നടപ്പുകാരൻ തങ്ങളുടെ സഭയിൽ പാസ്റ്ററായി വരുന്നത് അംഗീകരിക്കാൻ കോട്ടയത്തെ വിശ്വാസികൾ തയ്യാറായില്ല. അതുകൊണ്ട് സഭയിലെ ബഹുഭൂരിപക്ഷം വിശ്വാസികളും ഒപ്പിട്ട് സഭാനേതൃത്വത്തിനു



കത്തു നൽകിയിരിക്കുകയാണ്. എങ്കിലും ഈ കത്തു പിൻവലിപ്പിച്ച് എ.ഷാജിയെ പാസ്റ്ററാക്കാൻ ടി.ജെ.ശമുവൽ ഇപ്പോൾ കിണഞ്ഞു പരിശ്രമിക്കയാണ്.

തരം കിട്ടുന്നിടത്തെല്ലാം വ്യഭിചരിക്കുന്ന വീരനാണ് എ.ഷാജി. തൊടുപുഴയ്ക്ക് അടുത്തുള്ള അറക്കുളം എ.ജിയിലെ പാസ്റ്ററുടെ ഭാര്യയുമായി ഷാജിക്കുള്ള അവിഹിതബന്ധം ഏവർക്കും അറിവുള്ളതാണ്. ഇതു കൂടാതെ, വിവിധ സ്ഥലങ്ങളിലായി ഷാജിക്കു നിരവധി വെപ്പാട്ടിമാരുമുണ്ട്. കഴിവുകെട്ട ഭർത്താക്കൻമാരുടെ ഭാര്യമാർ, ഭർത്താക്കൻമാർ വിദേശത്തുള്ള വീടുകളിലെ സ്ത്രീകൾ തുടങ്ങിയവരിലാണ് ഷാജി തന്റെ വാത്സ്യായനകലാവൈഭവം തെളിയിക്കുന്നത്. ഇത്തരം നിരവധി സംഭവങ്ങൾ ഡിഫെൻഡർ മുൻലക്കങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

കോട്ടയം എ.ജിയിലുള്ള വിശ്വാസികളെ എങ്ങനെയെങ്കിലും പറഞ്ഞു മയക്കി എ.ഷാജിയെ അവരുടെ തലയിൽ കെട്ടിവയ്ക്കാനുള്ള തീവ്രശ്രമം എ.ജി നേതൃത്വം നടത്തിവരുന്നു.

# ക്രൂശിക്കപ്പെട്ട യേശുവിൽ വിശ്വസിക്കരുതെന്നു തങ്കു

ക്രൂശിൽ കിടക്കുന്ന യേശു സാത്താന്റെ മുമ്പിൽ പരാജയപ്പെട്ടവനാണെന്നും അതുകൊണ്ട് ക്രൂശിക്കപ്പെട്ട യേശുവിൽ വിശ്വസിക്കരുതെന്നും തങ്കു പ്രഖ്യാപിച്ചിരിക്കുന്നു. രണ്ടാഴ്ച മുൻപ് പവ്വർ വിഷനിൽ നടത്തിയ ഒരു പ്രസംഗത്തിലാണ് തങ്കു ക്രൂശിക്കപ്പെട്ട യേശുവിനെ തള്ളിപ്പറഞ്ഞത്. സാത്താന്റെ പിടിയിൽ നിന്നു മോചനം പ്രാപിച്ച് ഉയിർത്തെഴുന്നേറ്റ യേശുവിനെ മാത്രമേ വിശ്വസിക്കാവൂ എന്നും തങ്കു ശ്രോതാക്കളെ ഉപദേശിച്ചു.

തങ്കു, തോമസ്കുട്ടി എന്നിവർ എവിടെയെങ്കിലുമൊക്കെ നടത്തുന്ന പ്രസംഗങ്ങൾ റിക്കാഡ് ചെയ്ത് പവ്വർ വിഷനിൽ സംപ്രേക്ഷണം ചെയ്യുകയാണ് പതിവ്. വിവാദ പരാമർശങ്ങളടങ്ങിയ ഈ പ്രസംഗവും തങ്കു മറ്റെവിടെയോ നടത്തിയതാണ്.

തങ്കു പറയുന്നതിന്റെ രത്നച്ചുരുക്കം ഇതാണ്: ക്രൂശിൽ കിടക്കുന്ന യേശു പരാജയത്തിന്റെ പ്രതീകമാണ്. യേശു സാത്താനുമായുള്ള യുദ്ധത്തിൽ തോറ്റതുകൊണ്ടാണ് ക്രൂശിൽ കഷ്ടം സഹിക്കേണ്ടിവന്നത്. ഇങ്ങനെ സാത്താന്റെ മുമ്പിൽ തോറ്റ് നിലവിളിക്കുന്ന യേശുവിലല്ല നാം വിശ്വസിക്കേണ്ടത്.

ജനത്തിന്റെ പാപം വഹിച്ചുകൊണ്ട് ആട് മരുഭൂമിയിലേക്കു പോയത് യേശു മരിച്ച് പാതാളത്തിൽ ഇറങ്ങിയതിന്റെ നിഴലാണ്. പാതാളത്തിൽ ആയിരുന്ന 72



മണിക്കൂർ സമയം മുഴുവൻ യേശുവിനെ സാത്താൻ പീഡിപ്പിക്കയായിരുന്നു. അങ്ങനെ മൂന്നു ദിവസം മുഴുവൻ സാത്താന്റെ മുമ്പിൽ തോറ്റ് നിലവിളിക്കുന്ന യേശുവിനെ വിശ്വസിക്കരുത്.

പാതാളത്തിൽ യേശു 72 മണിക്കൂർ പീഡ സഹിച്ച ശേഷം പിതാവായ ദൈവം യേശുവിനെ സാത്താനിൽ നിന്നു വിടുവിച്ചു. അങ്ങനെ യേശു ഉയിർത്തു. നാം വിശ്വസിക്കേണ്ടത് ഈ ഉയിർത്തെഴുന്നേറ്റ യേശുവിലാണ്. ക്രൂശിലെ യേശു സാത്താന്റെ മുമ്പിൽ പരാജയപ്പെട്ടവനാകയാൽ അവനെ വിശ്വസിക്കാതെ ഉയിർത്തെഴുന്നേറ്റ യേശുവിൽ മാത്രം വിശ്വസിക്കണം.

ഇങ്ങനെ, ഉയിർത്തെഴുന്നേറ്റ യേശുവിൽ വിശ്വസിച്ചാൽ എന്തു പ്രതിഫലമാണ് ലഭിക്കുക എന്നും തങ്കു വ്യക്തമാക്കുന്നുണ്ട്. അതിന് ആധാരമായി തങ്കു ഒരു വേദഭാഗവും ഉദ്ധരിക്കുന്നുണ്ട്: സദൃ. 8: 20-21. 'എന്നെ സ്നേഹിക്കുന്നവർക്ക് വസ്തുവക അവകാശമാക്കിക്കൊടുക്കുകയും അവരുടെ ഭണ്ഡാരങ്ങളെ നിറയ്ക്കുകയും ചെയ്യേണ്ടതിന് ഞാൻ നീതിയുടെ മാർഗ്ഗത്തിലും ന്യായത്തിന്റെ പാതകളിലും നടക്കുന്നു.'

ഉയിർത്തെഴുന്നേറ്റ യേശുവിൽ വിശ്വസിക്കുന്നവർ വലിയ സമ്പന്നരായി മാറും എന്ന് ഈ വാക്യം തെളിയിക്കുന്നു എന്നാണ് തങ്കു പറയുന്നത്.

സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്നവർ ഗുരുതരമായ ദുരുപദേശങ്ങൾ പ്രചരിപ്പിക്കാറുണ്ട്. എന്നാൽ ക്രൂശിക്കപ്പെട്ട യേശു സാത്താന്റെ മുമ്പിൽ തോറ്റുപോയവനാണെന്നും അവനിൽ വിശ്വസിക്കരുതെന്നും മറ്റും പ്രസംഗിച്ചു കേൾക്കുന്നത് ആദ്യമായാണ്. ഈ നിലപാടിനോട് തോമസ്കുട്ടി യോജിക്കുന്നുണ്ടോ എന്നറിയാൻ ഡിഫെൻഡറിന് ആഗ്രഹമുണ്ട്.

## കെ.സി. എന്തുപറയുന്നു?

തങ്കു എഴുന്നെള്ളിച്ച ഈ കൊടിയ വേദവിപരീതം പൊതുജനങ്ങളെ അറിയിച്ചത് പവ്വർ വിഷനാണ്. അതുകൊണ്ട് ഈ വിഷയത്തിൽ കെ.സി.ജോണിന് എന്തെങ്കിലും പറയാനുണ്ടോ? തങ്കു പറഞ്ഞതിനു തങ്കു മാത്രമാണ് ഉത്തരവാദി എന്നു പറഞ്ഞ് തടിതപ്പാൻ കെ.സി.ജോൺ ശ്രമിക്കയില്ല എന്നു കരുതട്ടെ.

# ചവറും ക്രിസ്തുമസ്സ് ആഘോഷിച്ചു

കെ.സി.ജോണിന്റെ ചവർ ചാനൽ സാത്താന്റെ ചാനലാണെന്ന് ഡിഫെൻഡർ പലവട്ടം പറഞ്ഞിട്ടും വിശ്വാസം വരാത്തവർ നിരവധിയുണ്ട്. പക്ഷേ അത്തരക്കാർ ഈ ക്രിസ്തുമസ്സ് സമയത്ത് ചവറിൽ സംപ്രേക്ഷണം ചെയ്ത പ്രോഗ്രാമുകൾ കണ്ടിരുന്നെങ്കിൽ സത്യം ബോദ്ധ്യമാകുമായിരുന്നു. സകലവിധ ദുരുപദേശങ്ങളും തോന്ന്യാസങ്ങളും ചവറിൽ അരങ്ങു തകർത്തു. ഒന്നിനും ഒരു നിയന്ത്രണവുമുണ്ടായിരുന്നില്ല.

ക്രിസ്തുമസ്സ് എന്നത് സൂര്യദേവന്റെ ജൻമദിവസമായി പാഗൺ മതക്കാർ ആഘോഷിച്ചിരുന്ന ഉത്സവമാണെന്നും ക്രിസ്തുമസ്സ് ആഘോഷിക്കുന്നവർ അന്യദൈവത്തെ ആരാധിക്കയാണെന്നും കാര്യകാരണ സഹിതം പാസ്റ്റർ കെ.ഇ.ഏബ്രഹാം വ്യക്തമാക്കിയിട്ടുണ്ട്. ഈ വാദം തെറ്റാണെന്നു കെ.സി.ജോണോ മറ്റാരെങ്കിലുമോ തെളിയിച്ചതായി അറിവില്ല. അങ്ങനെയെങ്കിൽ കെ.ഇ.ഏബ്രഹാമിന്റെ വാദം ശരിയാണെന്നു സമ്മതിക്കേണ്ടതായി വരുന്നു.

ആരാണ് കെ.ഇ.ഏബ്രഹാം? ഐ.പി.സിയുടെ സ്ഥാപക നേതാക്കൻമാരിൽ ഒരാളാണ് അദ്ദേഹം. ദീർഘകാലം ഐ.പി.സിയുടെ പ്രസിഡന്റുമായിരുന്നു. അതുകൊണ്ട് ഐ.പി.സി സ്ഥാപിച്ചത് കെ.ഇ.ഏബ്രഹാമാണെന്നു പോലും ജനം തെറ്റിദ്ധരിക്കുന്നു. ഐ.പി.സിയിൽ ഇത്ര സ്വാധീനമുള്ള ആളാണു കെ.ഇ.ഏബ്രഹാം. അദ്ദേഹം ഇരുന്ന കസേരയിലാണ് കെ.സി.ജോൺ ഇപ്പോൾ ഇരിക്കുന്നത്. പക്ഷേ കെ.ഇ.ഏബ്രഹാം പൊളിച്ചതെല്ലാം ഇപ്പോൾ കെ.സി.ജോൺ പണിതുകൊണ്ടിരിക്കുകയാണ്.

ക്രിസ്തുമസ്സ് ജാതീയാചാരമാണെന്ന നിലപാട് ഐ.പി.സി മാത്രമല്ല എല്ലാ പെന്തക്കോസ്ത് സഭകളും അംഗീകരിക്കുന്നു. അതുകൊണ്ട് ഒരു പെന്തക്കോസ്ത് സഭയും ക്രിസ്തുമസ്സ് ആഘോഷിക്കുന്നില്ല. പക്ഷേ ഐ.പിസിയുടെ പ്രസിഡന്റായ കെ.സി.ജോൺ നേതൃത്വം നൽകുന്ന പവ്വർ വിഷൻ ഇത്തവണ ക്രിസ്തുമസ്സ് ആഘോഷിച്ചു, അതായത് അന്യദൈവത്തെ ആരാധിച്ചു, സാത്താന് സ്തുതിപാടി.

എന്തൊക്കെ പരിപാടികളാണ് ക്രിസ്തുമസ്സിനോടുള്ള ബന്ധത്തിൽ പവ്വർ വിഷനിൽ സംപ്രേക്ഷണം ചെയ്തത്? എന്തൊക്കെ സാധിക്കുമോ അതെല്ലാം എന്നു പറയുകയാകും എളുപ്പം. സമുദായക്കാർ അവതരിപ്പിച്ച ഗാനമേളകളായിരുന്നു പ്രധാന ഐറ്റം. ക്രിസ്തുമസ്സുമായി ബന്ധപ്പെട്ട് സമുദായക്കാർ പ്രചരിപ്പിക്കുന്ന സകല വിഡ്ഢിത്തങ്ങളും നിറഞ്ഞതായിരുന്നു ഈ ഗാനങ്ങൾ. വിഗ്രഹാരാധന ഉൾപ്പെടെയുള്ള സകല പരിപാടികളും സഹിതം അവർ പാടി. ചവർ ചാനൽ അതൊക്കെ സംപ്രേക്ഷണം ചെയ്തു.

അത്യുഗ്രൻ ഡാൻസായിരുന്നു മറ്റൊരു ഐറ്റം. വേദാന്തസാരമായ ദേവനെ വാഴ്ത്തിപാടിക്കൊണ്ടായിരുന്നു ഡാൻസ്. വേദാന്തം എന്നു പറഞ്ഞാൽ വേദങ്ങളുടെ അന്തം - ഉപനിഷത്ത് - എന്നാണ് അർത്ഥം. അപ്പോൾ ഉപനിഷത്തുക്കളുടെ സാരമായ പരബ്രഹ്മത്തെയാണ് ഈ പാട്ടുകളിലൂടെ അവർ സ്തുതിച്ചത്.

പവ്വർ വിഷനിൽ സിനിമ ഇല്ല എന്ന കുറവും ഇത്തവണ പരിഹരിക്കപ്പെട്ടു. ക്യാപ്റ്റൻ രാജുവും മറ്റും അഭിനയിച്ച ഒരു ടെലി ഫിലിമും ഈ ക്രിസ്തുമസ്സിനോടുള്ള ബന്ധത്തിൽ ചവർ സംപ്രേക്ഷണം ചെയ്തു. ഈ പരിപാടികളോടൊപ്പം തിരുമേനിമാരുടേയും അച്ചൻമാരുടേയും പെന്തക്കോസ്തിലെ അച്ചനായ കെ.സി.ജോണിന്റേയും ക്രിസ്തുമസ്സ് സന്ദേശങ്ങളും ഉണ്ടായിരുന്നു. അടുത്ത ക്രിസ്തുമസ്സിന് കെ.സി.ജോൺ ഒരു പുൽക്കൂടു കൂടി ഒരുക്കിയാൽ നന്ന്.

## പകൽക്കാലം



ഇതെഴുതിയവന് ഒരവാർഡ് കൊടുക്കണം..

ദി ഡിഫെൻഡർ

Vol. No.12 Issue No.1 2009 January1

# കൂടാരം മാറ്റി മാറ്റി അടിച്ച്...

ദൈവവിളി കേട്ട് ഇറങ്ങിയ അബ്രാമിനോടൊപ്പം ലോത്തും ഇറങ്ങിത്തിരിച്ചു. വാഗ്ദത്തദേശം ലക്ഷ്യമാക്കിയാണ് അബ്രാം യാത്രചെയ്തതെങ്കിലും ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനമുള്ളതുമായ നഗരമായിരുന്നു അബ്രാമിന്റെ പരമമായ ലക്ഷ്യം. അതുകൊണ്ട് അബ്രഹാമിന്റെ ദൈവം എന്നു വിളിക്കപ്പെടുന്നതിൽ ദൈവത്തിന് അഭിമാനമേയുള്ളൂ.

അബ്രാമിനോടൊപ്പം ഇറങ്ങിത്തിരിച്ച ലോത്തും കുറച്ചു കാലം വാഗ്ദത്ത നാട് ലക്ഷ്യമാക്കി യാത്രചെയ്തു. പക്ഷേ ഏറെ കഴിയും മുൻപേ ലോത്തിന് അബ്രഹാമിനെ പിരിയേണ്ടതായിവന്നു. അതോടെ ലോത്തിന്റെ ലക്ഷ്യം തെറ്റി. നീരോട്ടമുള്ള പ്രദേശങ്ങൾ അവനെ ആകർഷിച്ചു. അവൻ കൂടാരം മാറ്റി മാറ്റി അടിച്ച് ഒടുവിൽ സോദോമിലെത്തി.

പഴയനിയമത്തിലെ സംഭവങ്ങൾ നമുക്കു ദൃഷ്ടാന്തങ്ങളാണ്. നമ്മുടെ ബുദ്ധിയുപദേശത്തിനായിട്ടത്രേ അവ എഴുതിവച്ചിരിക്കുന്നത്. പക്ഷേ നാം ദൈവവചനത്തിന് ചെവിചായ്ക്കുന്നില്ല. നീരോട്ടമുള്ള പ്രദേശങ്ങൾ കാണുമ്പോൾ നാം ലക്ഷ്യം മറക്കുന്നു. കൂടാരം മാറ്റി മാറ്റി അടിച്ച് സോദോമിലെത്തുന്നു. കാലക്രമത്തിൽ സോദോമിലെ പ്രമാണിയുമാകുന്നു. വിളി കേൾക്കാതെ ഇറങ്ങിത്തിരിച്ചവരെല്ലാം ലോത്തിനേപ്പോലെ ഭൗതീക നൻമകൾ തേടി പോകുന്നു.

പെന്തക്കോസ്തിലെ ഭൂരിപക്ഷം വിശ്വാസികളുടേയും നേതാക്കൻമാരുടേയും സ്ഥിതി ഇതുതന്നെ. നീരോട്ടമുള്ള പ്രദേശങ്ങൾ അവരെ ആകർഷിക്കുന്നു. ക്രമേണ ഉപദേശം മറക്കുന്നു, കാഴ്ചപ്പാടും ലക്ഷ്യവും മാറുന്നു. പാപവുമായി സന്ധിചെയ്യാൻ അവർക്കു ബുദ്ധിമുട്ടുണ്ടാകുന്നില്ല. പണ്ട് ഉപേക്ഷിച്ചതൊക്കെ തിരികെ എടുക്കുന്നു. തിരുമേനിമാരുമായി കൈകോർത്തുനിന്ന് ''ബൈന്റ് അസ് ടുഗതർ'' പാടുന്നു.

ഈ ക്രിസ്തുമസ്സ് സീസണിൽ പെന്തക്കോസ്തുകാർ കാട്ടിക്കൂട്ടിയ കോക്കാംപീച്ചികൾ സമുദായക്കാരെ തോല്പിക്കുന്നതായിരുന്നു. കെ.സി.ജോണിന്റെ ചവർ ചാനലിൽ ക്രിസ്തുമസ്സ് പൂർവ്വാധികം ഭംഗിയായി ആഘോഷിച്ചു. പെന്തക്കോസ്ത് പാസ്റ്റർമാർ ക്രിസ്തുമസ്സ് സന്ദേശങ്ങൾ നൽകി. സമുദായക്കാരുടെ ആരാധന അതേപടി സംപ്രേക്ഷണം ചെയ്തു. എന്തിനേറെ പറയുന്നു, സിനിമ പോലെ ഒരു സാധനം വരെ ഉണ്ടായിരുന്നു. ക്രിസ്തുമസ്സ് ജാതീയാചാരമാണെന്നു പറഞ്ഞ (കെ.ഇ.) അബ്രഹാമിരുന്ന കസേരയിലാണ് കെ.സി.ജോൺ എന്ന ലോത്ത് ഇരിക്കുന്ന തെന്നോർക്കുമ്പോൾ ലജ്ജതോന്നുന്നു.

# സത്യം സത്യമായി

ബഹൻജി ഇന്ത്യയുടെ ഭാവി പ്രധാനമന്ത്രിയാണെന്ന് ബഹൻജി മാത്രമല്ല ഇടതുപക്ഷം പോലും പറയുന്നു. പ്രസവം മുഖ്യതൊഴിലും ചപ്പാത്തി പരത്തൽ ഉപ തൊഴിലുമായി നടന്ന റാബറിക്ക് ബീഹാറിന്റെ മുഖ്യമന്ത്രിയാകാമെങ്കിൽ ബഹൻജിക്ക് തീർച്ചയായും ഇന്ത്യയുടെ പ്രധാനമന്ത്രിയാകാം. പക്ഷേ ഈ മാന്യ വനിത ഇന്ത്യയുടെ പ്രധാനമന്ത്രിയാകുന്നതോടെ പലതും നടക്കും എന്നതിനു സംശയമില്ല. ബഹൻജിയുടെ ഹാപ്പി ബർത്ത് ഡേ ആഘോഷിക്കാൻ 15 ലക്ഷം രൂപ കൊടുക്കാൻ വിസമ്മതിച്ച എഞ്ചിനീയറെ തല്ലിക്കൊന്നെങ്കിൽ പ്രധാനമന്ത്രിയുടെ ജൻമദിനം ആഘോഷിക്കുന്ന വകയിൽ ആരൊക്കെ രക്തസാക്ഷിയാകേണ്ടിവരും എന്നു കണ്ടുതന്നെ അറിയണം. യു.പി മുഖ്യമന്ത്രിയെന്ന നിലയിൽ ബഹൻജി സഞ്ചരിക്കുന്നത് വലിയൊരു അകമ്പടിയോടെയാണ്. ഇവർ പ്രധാനമന്ത്രിയായാൽ സൈന്യത്തിന്റെ പാതി ഇവരുടെ സുരക്ഷയ്ക്കായി വിനിയോഗിക്കുമെന്നു തീർച്ച.

രാജസ്ഥാനിലെ ഒരു എം.എൽ.എക്ക് സ്വന്തം പേരു പോലും എഴുതാൻ അറിഞ്ഞുകൂടത്രേ. ഗവർണ്ണർ ചൊല്ലിക്കൊടുത്ത സത്യവാചകം ഏറ്റുചൊല്ലാൻ കഴിയാതെ പോയതുകൊണ്ട് സത്യവാചകം ചൊല്ലിയതായി കണക്കാക്കേണ്ടതായും വന്നു. ഭാവിയിൽ ഇവർ രാജസ്ഥാനിലെ മുഖ്യമന്ത്രിയായേക്കാം.

പാർട്ടി എന്തുകൊണ്ട് ഷൊർണ്ണൂരിൽ തോറ്റു? അവിടെ അവിശുദ്ധ കൂട്ടുകെട്ടുണ്ടായതുകൊണ്ട് തോറ്റു. എന്ത് അവിശുദ്ധ കൂട്ടുകെട്ടാണ് അവിടെ ഉണ്ടായത്? വിമതരെ യു.ഡി.എഫ് സഹായിച്ചു. പക്ഷേ ഇതെങ്ങനെ അവിശുദ്ധമായി എന്നു മനസ്സിലായില്ല. ഇപ്പോൾ യു.ഡി.എഫിലുള്ള ആന്റണി, മാണി എന്നിവരുമായി ചേർന്ന് പണ്ടു മുന്നണി ഉണ്ടാക്കിയത് വിശുദ്ധം. റ്റി.വി കാണണം എന്ന് ലീഡർ എറണാകുളത്തുവന്ന് പറഞ്ഞതും പന്ന്യന് ഡി.ഐ.സി പരസ്യ പിൻതുണ നൽകിയതും പരമ വിശുദ്ധം. അതുകൊണ്ട് അതൊക്കെ സ്വീകരിച്ചു. അതുപോലുള്ള കാര്യം യു.ഡി.എഫ് ചെയ്തപ്പോൾ അശുദ്ധമായി. കൊള്ളാമല്ലോ. ഇതുപോലുള്ള അവിശുദ്ധ കൂട്ടുകെട്ട് കേരളത്തിലെങ്ങും ഉണ്ടായാൽ എന്താകും സ്ഥിതി?

പ്രതിപക്ഷത്തിരിക്കുമ്പോൾ എന്തിനേയും എതിർക്കും. ഭരണം കിട്ടിക്കഴിയുമ്പോൾ പണ്ടത്തെ എതിർപ്പൊക്കെ മറക്കും. വിദേശ നിക്ഷേപത്തിന്റെ കാര്യത്തിലും അതുതന്നെ സംഭവിച്ചിരിക്കുന്നു. വിദേശ നിക്ഷേപം ആകാം, പക്ഷേ വിദേശ പങ്കാളിത്തം പാടില്ല എന്നതാണ് പുതിയ മുദ്രാവാക്യം. സർക്കാരിന് അല്പംപോലും പങ്കാളിത്തമില്ലാതെ പൂർണ്ണമായ വിദേശ നിക്ഷേപം എങ്ങനെ വിദേശ പങ്കാളിത്തത്തേക്കാൾ നല്ലതാകും എന്നു പിടികിട്ടുന്നില്ല. ഏതായാലും ബംഗാളിലും ചൈനയിലും മറ്റും ഉള്ള പാർട്ടിക്കാർക്ക് അല്പം കൂടി ബുദ്ധിയുള്ളതുകൊണ്ട് അവിടെ ഇത്രയും പ്രശ്നമില്ല.

ഇടതുമുന്നണി അധികാരത്തിൽ കയറിയാൽ 24 മണിക്കൂറിനകം കിളിരൂർ കേസ്സിലെ പ്രതികൾ അകത്താകും എന്നു പറഞ്ഞവരെ ഇപ്പോൾ കാണാനില്ല. ഈ കേസ്സിലെ വി.ഐ.പികൾക്കെതിരെ കേസ്സ് എടുക്കാൻ ഉത്തരവിട്ട മജിസ്ട്രേറ്റിനേപ്പോലും വെറുതെ വിടുന്നില്ല. അന്വേഷണം എന്നു കേൾക്കുമ്പോൾ ഇവർ എന്തിന് ഇത്രയധികം ഭയപ്പെടുന്നു എന്നു പിടി കിട്ടുന്നില്ല.

ശ്രീമാൻ നാണു ഇപ്പോൾ ഏതു പാർട്ടിയിലാണ്? ജനതാദളിൽ നിന്നു പുറത്താക്കി എന്ന് വീരനും കൂട്ടരും പറയുന്നു. പക്ഷേ താൻ വീരന്റെ പാർട്ടിയിലെ അംഗംപോലും അല്ലാതിരിക്കെ തന്നെ എങ്ങനെയാണവർ പുറത്താക്കുന്നതെന്നു പിടി കിട്ടുന്നില്ലെന്ന് നാണുവും പറയുന്നു. ഇപ്പോൾ എത്ര ജനതാദൾ ഉണ്ടെന്ന് ജനത്തിനു പിടികിട്ടുന്നുമില്ല.

ഇത്തവണത്തെ ക്രിസ്തുമസ്സിന് മദ്യത്തിന്റെ വില്പന റിക്കാഡ് ഭേദിച്ചു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 13 കോടി രൂപയുടെ മദ്യം അധികമായി വിറ്റത്രേ. ചാലക്കുടിയിലും അങ്കമാലിയിലും കാലടിയിലും അത്യുഗ്രൻ കച്ചവടമായിരുന്നു. പോട്ടയിലും മുരിങ്ങൂരിലും മറ്റും ധ്യാനത്തിനെത്തുന്നത് അന്യനാട്ടുകാരാണല്ലോ. ഏതായാലും പെന്തക്കോസ്തുകാർ ക്രിസ്തുമസ്സ് ആഘോഷിക്കാൻ തുടങ്ങിയതും മദ്യത്തിന്റെ വില്പനയിൽ വർദ്ധനവുണ്ടായതും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

കൺവെൻഷൻ സീസൺ ആരംഭിച്ചതോടെ പ്രസംഗകർക്ക് കടുത്ത വിഷയ ദാരിദ്ര്യം അനുഭവപ്പെടുന്നതായി അറിയുന്നു. ജനത്തെ ഇളക്കാൻ പറ്റിയ വിഷയം കണ്ടെത്താൻ പെടാപ്പാടു പെടുകയാണ് ഭൂരിപക്ഷം കൺവെൻഷൻ പ്രസംഗകരും. മോശ, ദാവീദ്, ഏലിയാവ് തുടങ്ങിയ സ്ഥിരം വിഷയങ്ങൾ പറഞ്ഞിട്ട് ജനം ഇളകുന്നില്ല. ജനത്തെ ഇളക്കാൻ കഴിഞ്ഞില്ലെങ്കിൽ പ്രസംഗകന്റെ മാർക്കറ്റ് ഇടിയും. അതുകൊണ്ട് എന്തു വിദ്യ പ്രയോഗിച്ചിട്ടായാലും ജനത്തെ ഇളക്കിയേ പറ്റൂ.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു.......

അപ്പോൾ ലോത്തു നോക്കി യോർദ്ദാനരികെയുള്ള പ്രദേശമൊക്കെയും നീരോട്ടമുള്ളതെന്നു കണ്ടു; യഹോവ സൊദോമിനെയും ഗൊമോരയെയും നശിപ്പിച്ചതിനു മുമ്പെ അത് യഹോവയുടെ തോട്ടം പോലെയും സോവർവരെ മിസ്രയീം ദേശം പോലെയും ആയിരുന്നു. ലോത്ത് യോർദ്ദാനരികെയുള്ള പ്രദേശമൊക്കെയും തിരഞ്ഞെടുത്തു; ഇങ്ങനെ ലോത്ത് കിഴക്കോട്ടു യാത്രയായി; അവർ തമ്മിൽ പിരിഞ്ഞു. അബ്രാം കനാൻദേശത്തു പാർത്തു; ലോത്ത് ആ പ്രദേശത്തിലെ പട്ടണങ്ങളിൽ പാർത്തു സൊദോം വരെ കൂടാരം നീക്കിനീക്കി അടിച്ചു. സൊദോം നിവാസികൾ ദുഷ്ടൻമാരും യഹോവയുടെ മുമ്പാകെ മഹാപാപികളും ആയിരുന്നു. (ഉല്പ: 13: 10-13)

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
വിദേശം: (വാർഷിക വരിസംഖ്യ)
അമേരിക്ക: 30 ഡോളർ
മറ്റു രാജ്യങ്ങൾ: 800 രൂപ

**വിലാസം:**
**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം.**

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.

ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.

ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 9447414608**

# ബഥേൽ നൊയമ്പുനോറ്റു



സമുദായക്കാർക്ക് 50 നൊയമ്പ്, 25 നൊയമ്പ് തുടങ്ങി പലവിധത്തിലുള്ള നൊയമ്പുകളുണ്ട്. പരമ പുണ്യാളനായ ബഥേൽ പി. ജേക്കബ്ബും ഈയിടെ നോമ്പുനോറ്റു. ക്രിസ്തുമസ്സിനോടുള്ള ബന്ധത്തിൽ സമുദായക്കാർ നടത്തുന്ന 25 നോമ്പാണ് ബഥേൽ നോറ്റത്. വെറുതെ നോമ്പു നോക്കുകയല്ല മറിച്ച് വ്യക്തമായ ഉദ്ദേശ്യത്തോടെ നോമ്പ് നോക്കുകയാണ് ബഥേൽ ചെയ്തത്.

പ്രധാനമായി രണ്ടു ലക്ഷ്യങ്ങളാണ് ബഥേലിന്റെ നോമ്പിനുണ്ടായിരുന്നത്.

1. ബാലൻ ബഥേലിനേക്കുറിച്ച് ഇനി ഒരിക്കലും എഴുതരുത്.
2. ബഥേലിന് പുതിയ കുറെ ശുശ്രൂഷകൾ ലഭിക്കണം.

ഈ ലക്ഷ്യങ്ങൾ ബഥേലും പൊണ്ടാട്ടിയും പ്രഖ്യാപിക്കയും ചെയ്തിരുന്നു. അങ്ങനെ നോയമ്പ് ക്രിസ്തുമസ്സോടെ അവസാനിച്ചു. പക്ഷേ ബാലൻ ഇതാ വീണ്ടും ബഥേലിനേക്കുറിച്ച് എഴുതുന്നു. മാത്രമല്ല, ബഥേലിന് പുതിയ ശുശ്രൂഷകളൊന്നും ലഭിച്ചുമില്ല. നോമ്പ് വെറുതെയായി എന്നു തീർച്ച.

ബഥേൽ വരയ്ക്കുന്ന വരയിലൂടെ ദൈവം നടക്കും എന്നാണ് ബഥേലിന്റേയും ഭാര്യയുടേയും ധാരണ. പക്ഷേ ഈയിടെയായി കാര്യങ്ങൾ വിചാരിച്ചതു പോലെയല്ല നടക്കുന്നത്. കാശിനാഥന് വീടുണ്ടാക്കാനുള്ള ശ്രമം ബാലൻ പരസ്യമാക്കി. കാശിനാഥന്റെ ഭാര്യ ബഥേലിന്റെ വെപ്പാട്ടിയാണെന്നുള്ള ഭീകര രഹസ്യവും മാലോകർ ഡിഫെൻഡറിലൂടെ അറിഞ്ഞു. രഹസ്യങ്ങൾ പുറത്തായ കാര്യം കാശിനാഥനും അറിഞ്ഞുകഴിഞ്ഞു. ഇനി ബഥേലിനോടു കാശുവാങ്ങി വീടുവച്ചാൽ ബാലൻ പറഞ്ഞതെല്ലാം സത്യമാണെന്നു തെളിയും. അതുകൊണ്ട് ബഥേൽ നൽകുന്ന വീടു സ്വീകരിക്കണമോ വേണ്ടയോ എന്ന ശങ്കയിലാണ് കാശി.

ബഥേലിന്റെ കാശുവാങ്ങുന്ന ചില പാസ്റ്റർമാർ ഗുജറാത്തിലുണ്ട്. അവർ തന്റെ കീഴിലുള്ള വേലക്കാരാണെന്നത്രേ ബഥേൽ അവകാശപ്പെടുന്നത്. പക്ഷേ ഇവർ മറ്റൊരിടത്തുനിന്നു കൂടി പണം വാങ്ങുന്നുണ്ടെന്ന കാര്യം ഈയിടെയാണ് ബഥേൽ അറിഞ്ഞത്. ഏതായാലും കാര്യങ്ങളൊക്കെ ശരിയാക്കാൻ ജനുവരി അവസാനത്തോടെ ബഥേൽ ഇന്ത്യയിലേക്കു വരാൻ പദ്ധതി തയ്യാറാക്കുകയാണിപ്പോൾ.

# ഷിബുവിനോട് വിയോജിക്കുന്നു

ഡിസംബർ ലക്കം ക്രൈസ്തവ ചിന്തയിൽ ഷിബു പീടിയാക്കൽ എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: ''എന്നാൽ വേദപുസ്തകം വായിക്കുമ്പോൾ, പ്രസംഗം കേൾക്കുമ്പോൾ നമുക്ക് ആദിയോടന്തം സംശയങ്ങളാണ്. കല്പനകളിൽ സംശയം, വാഗ്ദത്തങ്ങളിൽ സംശയം, പ്രവചനങ്ങളിൽ സംശയം, ബില്ലിഗ്രഹാമിനേയും ബെന്നിഹിന്നേയും സംശയം''.

തർജ്ജമപ്പിശക്, അച്ചടിപിശക്, കയ്യെഴുത്തു പ്രതികളിൽ വന്നുകൂടിയിരിക്കാൻ ഇടയുള്ള തെറ്റുകൾ എന്നിവ ബൈബിളിലുണ്ട്. അവ ഒഴികെയുള്ള ബൈബിൾ നാം സംശയം കൂടാതെ വിശ്വസിക്കണം. പക്ഷേ എല്ലാ പ്രസംഗങ്ങളും സംശയം കൂടാതെ അംഗീകരിക്കണം എന്നു പറയുന്നതു ശരിയല്ല. ശുദ്ധ വിവരക്കേടുകൾ വരെ പ്രസംഗങ്ങളിൽ ഉണ്ടാകും. അതുപോലെയാണ് ബില്ലിഗ്രഹാം, ബെന്നിഹീൻ തുടങ്ങിയവരുടെ കാര്യവും. എത്ര വലിയ പ്രസംഗകനും തെറ്റുപറ്റും. അതുകൊണ്ട് പ്രസംഗകരെ കണ്ണുമടച്ച് വിശ്വസിക്കരുത്. ബില്ലിഗ്രഹാം ഈയിടെ ശുദ്ധ വിവരക്കേടു പറയുകയുണ്ടായി. ഡിഫെൻഡർ അത് റിപ്പോർട്ട് ചെയ്തിരുന്നല്ലോ. ബെന്നിഹീൻ ഒന്നാംതരം തട്ടിപ്പുകാരനാണ്. അയാളെ വിശ്വസിക്കാനും പാടില്ല. അതുകൊണ്ട് ഷിബുവിന്റെ വാദഗതി ശരിയല്ല.

# റ്റി.റ്റി.ജോസഫിന്റെ തട്ടിപ്പുകൾ വെളിച്ചത്താക്കിയതിന് അഭിനന്ദനം

ഐ.പി.സി കർണ്ണാടക സ്റ്റേറ്റ് പ്രസിഡന്റായ റ്റി.റ്റി. ജോസഫ് ഐ.പി.സിയുടെ സ്വത്തുക്കൾ തട്ടിയെടുക്കാൻ നടത്തുന്ന ശ്രമങ്ങളേക്കുറിച്ച് കഴിഞ്ഞലക്കം ഡിഫെൻഡറിൽ വിശദമായി എഴുതിയിരുന്നല്ലോ. ഇതു വായിച്ച് നിരവധി ആളുകൾ അഭിനന്ദനം അറിയിക്കയുണ്ടായി. ഇപ്പോഴെങ്കിലും സത്യം പുറത്തായല്ലോ എന്നാണ് എല്ലാവരും പറഞ്ഞത്.

ചീത്ത വിളിക്കുന്ന കാര്യത്തിൽ റ്റി.റ്റി.ജോസഫ് വിദഗ്ദ്ധനായതുകൊണ്ട് ഫോണിലൂടെയും കത്തിലൂടെയും കുറെ ചീത്ത വിളി ഡിഫെൻഡർ പ്രതീക്ഷിച്ചിരുന്നെങ്കിലും ഈ ലക്കം പ്രസ്സിൽ കൊടുക്കുന്നതുവരെ ചീത്തവിളി ഉണ്ടായില്ല. അതിന്റെ കാരണം അന്വേഷണത്തിൽ വ്യക്തമാകുകയും ചെയ്തു. റ്റി.റ്റി.ജോസഫ് ഇപ്പോൾ ബഹറിനിലാണ്. ക്രിസ്തുമസ്സും ന്യൂ ഇയറും കഴിഞ്ഞേ ഈ മാന്യദേഹം മടങ്ങിയെത്തൂ. അതുകൊണ്ട് നേരിട്ടു ചീത്തവിളിക്കാനോ ശിങ്കിടികളേക്കൊണ്ടു ചീത്ത വിളിപ്പിക്കാനോ കഴിഞ്ഞില്ല. പക്ഷേ ഈ വിദ്വാൻ മടങ്ങിയെത്തിയശേഷം സാമാന്യം ഭേദപ്പെട്ട ചീത്തവിളി ഉണ്ടാകാനിടയുണ്ട്. ചീത്ത വിളിച്ച് പരിഹരിക്കാവുന്ന പ്രശ്നമല്ല ഇത് എന്നു റ്റി.റ്റി.ജോസഫും കൂട്ടരും അറിഞ്ഞിരുന്നാൽ നന്ന്. ഐ.പി.സിയുടെ സ്വത്തുക്കൾ ഐ.പി.സിക്കു വിട്ടുകൊടുക്കുക മാത്രമാണ് പരിഹാരം. അതു ചെയ്യുന്നതു വരെ ഡിഫെൻഡർ റ്റി.റ്റി.ജോസഫിന്റെ പിന്നാലെ ഉണ്ടാകും എന്നു മനസ്സിലാക്കുക.

# ഡേവീസ് സിസിലിയോടൊപ്പം

തൃശൂക്കാരനായ ഡേവീസ് എന്ന ചങ്ങാതിയേക്കുറിച്ച് ഏതാനും ലക്കം മുൻപ് ഡിഫെൻഡറിൽ എഴുതിയിരുന്നു. ഈ വിദ്വാൻ ഇപ്പോൾ വീണ്ടും അമേരിക്കയിൽ എത്തിയിട്ടുണ്ട്.

വടക്കേ ഇന്ത്യയിൽ സുവിശേഷ പ്രവർത്തനവുമായി കഴിഞ്ഞിരുന്ന കാലത്ത് ഒരാൾ ഡേവീസിന് ഒരു സ്പോൺസർ ലറ്റർ കൊടുത്തു. അങ്ങനെ ലഭിച്ച അമേരിക്കൻ വിസയുമായി ഇയാൾ ചില മാസങ്ങൾക്കു മുൻപ് അമേരിക്കയിലെത്തി. കള്ളപ്രവചനം നടത്തി കുറെ പണം ഉണ്ടാക്കുകയും ചെയ്തു. ഭർത്താവുമായി അകന്നു കഴിയുന്ന സിസിലി എന്നൊരു പണക്കാരിയുമായി ഇയാൾ പരിചയത്തിലായത് ഇതിനിടയിലാണ്. കുറെ ദിവസം സിസിലിയോടൊത്ത് താമസിച്ചതോടെ ഇവർ തമ്മിലുള്ള ബന്ധം ദൃഢമായി. ഇന്ത്യയിൽ തിരിച്ചെത്തിയ ഡേവീസ് വടക്കേ ഇന്ത്യയിലെ വേല മതിയാക്കുകയും തൃശൂരിൽ വേല ആരംഭിക്കയും ചെയ്തു. ഏറെ താമസിയാതെ സിസിലി ഡേവീസിനെ തേടി തൃശൂരെത്തി. കുറെ ദിവസം ഡേവീസിനോടൊപ്പം താമസിക്കയും വലിയൊരു തുക ഡേവീസിന് കൊടുക്കുകയും ചെയ്ത ശേഷം സിസിലി മടങ്ങി. ഇപ്പോഴിതാ ഡേവീസ് സിസിലിയെ തേടി വീണ്ടും അമേരിക്കയിൽ എത്തിയിരിക്കുന്നു. പക്ഷേ ഇത്തവണ കാര്യങ്ങൾ അത്ര എളുപ്പമായില്ല. ഡേവീസിന്റെ കഥ ഡിഫെൻഡറിലൂടെ പൊതുജനം അറിഞ്ഞതുകൊണ്ട് ഈ ചങ്ങാതിക്ക് പ്രോഗ്രാമൊന്നും കിട്ടുന്നില്ല. അതുകൊണ്ട് സിസിലിയോടൊപ്പം കഴിയുകയാണിയാൾ.

# അവറാൻ പാറമടയിൽ

ഗദരദേശത്തെ ഭൂതഗ്രസ്തനെ ഭൂതം ശവപ്പറമ്പിലേക്കു നയിച്ചതായി ബൈബിളിൽ കാണുന്നു. അതുപോലെ ഒരു ഭൂതം കെ.എ.ഏബ്രഹാമിനെ ബാധിച്ചെന്നു സംശയിക്കേണ്ടിയിരിക്കുന്നു. കാരണം, ഈയിടെ ചവർ ചാനലിൽ അവറാൻ ഒരു പാറമടയിൽ ഇരുന്നു പ്രസംഗിക്കുന്ന ദൃശ്യം കാണുകയുണ്ടായി. ക്രിസ്തുമസ്സിനേക്കുറിച്ചായിരുന്നു പ്രസംഗം. ഇയാൾ എന്തിനു പാറമടയിൽ പോയിരുന്നു പ്രസംഗിച്ചു? പാറമടയും ക്രിസ്തുമസ്സുമായി എന്തു ബന്ധം? ഈ ചങ്ങാതിയെ ഏതോ ദുരാത്മാവു ബാധിച്ചതാകാനേ വഴിയുള്ളൂ.

# മുല്ലക്കര മറുപടി പറയണം



പ്രസംഗകൻ എന്നതിനേക്കാൾ രോഗശാന്തി വരപ്രാപ്തൻ എന്ന നിലയിലാണ് മുല്ലക്കര ദേവസ്യ ഏറെ അറിയപ്പെടുന്നത്. ഏതു മാറാവ്യാധിയും ഇദ്ദേഹം പ്രാർത്ഥനയാൽ സൗഖ്യമാക്കുമത്രേ. സംഗതി സത്യമാണെങ്കിൽ നല്ലതുതന്നെ.

പക്ഷേ ഈയിടെ ദൂരദർശനിൽ, മുല്ലക്കരയുടെ നേതൃത്വത്തിൽ നടക്കുന്ന വൃദ്ധസദനങ്ങളേക്കുറിച്ചുള്ള ഒരു പ്രോഗ്രാം കണ്ടു. വൃദ്ധരും മാറാരോഗികളുമായ നിരവധി ആളുകളെ സൗജന്യമായി താമസിപ്പിച്ച് ഭക്ഷണവും വസ്ത്രവും മറ്റും നൽകുന്നു. വളരെ നല്ല കാര്യം. അവരിൽ ചിലർ മാനസിക രോഗികളാണ്. അവർക്കു കൃത്യമായി ചികിത്സ നൽകുന്നുണ്ട്. മറ്റു വിധത്തിലുള്ള മാറാവ്യാധികൾ ബാധിച്ചവരും അവിടെയുണ്ട്. അവർക്കും ചികിത്സ നൽകുന്നു. ഒരു ആശുപത്രി തുടങ്ങാനും പദ്ധതിയുണ്ട്.

ഇതൊക്കെ കണ്ടപ്പോൾ ഒരു സംശയം ബാക്കിയായി. ഏതു മാറാരോഗിയേയും മുല്ലക്കര പ്രാർത്ഥിച്ച് സൗഖ്യമാക്കും. ഇത്തരം ദൃശ്യങ്ങൾ എല്ലാ ടി.വി പ്രോഗ്രാമിലും കാണിക്കുന്നുണ്ട്. മാറാവ്യാധികൾ സൗഖ്യമായതായി ഒട്ടേറെ ആളുകൾ സാക്ഷ്യം പറയുന്നുമുണ്ട്. ഇതൊക്കെ ശരിയാണെങ്കിൽ മുല്ലക്കര എന്തുകൊണ്ട് ഈ വൃദ്ധസദനത്തിലെ മാറാരോഗികളെ പ്രാർത്ഥിച്ചു സൗഖ്യമാക്കുന്നില്ല? സ്റ്റേജിൽ വച്ചു മാത്രമേ അത്ഭുത രോഗശാന്തി നടക്കൂ എന്നാണെങ്കിൽ ഈ വൃദ്ധരെ എങ്ങനെയെങ്കിലും സ്റ്റേജിൽ എത്തിച്ച് സൗഖ്യമാക്കാമായിരുന്നില്ലേ? ഇവരെ നിരന്തരം ആശുപത്രിയിലേക്കു കൊണ്ടുപോകുന്നതിലും എളുപ്പം അതല്ലേ? സ്റ്റേജിൽ വച്ച് ഏതു മാറാവ്യാധിയും പ്രാർത്ഥിച്ചു സൗഖ്യമാക്കുന്ന മുല്ലക്കര വൃദ്ധസദനത്തിലെ മാറാവ്യാധിക്കാരെ സൗഖ്യമാക്കാതിരിക്കുന്നതെന്തുകൊണ്ട് എന്നു വിശദീകരിക്കണം. അല്ലെങ്കിൽ മുല്ലക്കര കള്ളനാണെന്നു പറയേണ്ടതായിവരും.

# 'മരിച്ചവർ എവിടെ' വില്പന തുടരുന്നു

''മരിച്ചവർ എവിടെ'' എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.

വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:

ഒരു കോപ്പി- 50 രൂപ. രണ്ടു കോപ്പി- 90 രൂപ. അഞ്ചു കോപ്പി- 180 രൂപ. പത്തു കോപ്പി- 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുരിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.

പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC,**
**Perumbavoor P.O., Ernakulam Dist. Pin. 683542.**
**Phone: 0484-3232356. Mob: 9447414608.**

ചെറുവള്ളി തോട്ടത്തിന്റെ പോക്കുവരവു സർക്കാർ റദ്ദാക്കി - വാർത്ത.




**മിളിതം പദയുഗളേ നിഗളതയാ മാർഗ്ഗിതയാ ലതയാ**

# പ്രതികാരത്തിന്റെ ദൈവമോ കൃപയുടെ ദൈവമോ?

പഴയ നിയമ കാലത്ത് ദൈവം പ്രതികാരത്തിന്റെ ദൈവമായിരുന്നു എന്നതിനു സംശയമില്ല. കരുണ കൂടാതെ ശിക്ഷിക്കുന്ന ദൈവത്തെയാണ് പഴയനിയമത്തിൽ കാണുന്നത്. ''കൊല്ലുക'' എന്നതായിരുന്നു പഴയനിയമത്തിന്റെ കാതൽ എന്നു പറയാം. അതുകൊണ്ടാണ് പൗലോസ് ന്യായപ്രമാണത്തെ 'അക്ഷരത്തിന്റെ പ്രമാണം' എന്നും 'കൊല്ലുന്ന പ്രമാണം' എന്നും വിളിക്കുന്നത് (2 കൊരി. 3: 6-17).

ന്യായപ്രമാണമല്ല പുതിയനിയമമാണ് ഇപ്പോൾ നിലവിലുള്ളത്. പുതിയ നിയമം ആത്മാവിന്റെ പ്രമാണമാണ്, ജീവിപ്പിക്കുന്ന പ്രമാണമാണ്. പഴയനിയമത്തിൽ പ്രതികാരത്തിന്റെ ദൈവമായി വെളിപ്പെടുന്ന കർത്താവ് പുതിയ നിയമത്തിൽ കൃപയുടെ ദൈവമായി വെളിപ്പെടുന്നു.

ഈ വസ്തുത ഇപ്പോൾ പറയാൻ കാരണമെന്ത് എന്നു സംശയിച്ചേക്കാം. ചില തെറ്റിദ്ധാരണകൾ മാറ്റാൻ ഈ വിഷയത്തേക്കുറിച്ചു പറയേണ്ടത് ആവശ്യമായി വന്നിരിക്കുന്നു എന്നതുതന്നെ കാരണം.

ബൈബിളിലെ 66 പുസ്തകങ്ങളും ദൈവാത്മാവിൽ എഴുതപ്പെട്ടതാണ്. പക്ഷേ ഇക്കാലത്തു ബാധകമായത് പുതിയ നിയമം മാത്രമാണ്. അങ്ങനെയെങ്കിൽ പഴയ നിയമം എന്തിന് എന്നു ചോദിച്ചേക്കാം. അതിനുള്ള ഉത്തരം പൗലോസ് പറയുന്നുണ്ട്: ''ഇതു ദൃഷ്ടാന്തമായി അവർക്കു സംഭവിച്ചു, ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്കു ബുദ്ധ്യുപദേശത്തിനായി എഴുതിയുമിരിക്കുന്നു'' (1 കൊരി. 10:11). പഴയനിയമത്തിലെ സംഭവങ്ങൾ നമ്മുടെ ബുദ്ധ്യുപദേശത്തിനുള്ളതാണ്. അത് ആ അർത്ഥത്തിൽ വേണം എടുക്കാൻ.

നാം ഇന്നു കേൾക്കുന്ന പ്രസംഗങ്ങളിൽ ഭൂരിപക്ഷവും പഴയനിയമത്തിൽ നിന്നുള്ളവയാണ്. സഭായോഗത്തിന് സങ്കീർത്തനം വായിച്ചേ മതിയാകൂ. തുടർന്ന് സങ്കീർത്തനത്തിൽ നിന്ന് ഒരു പ്രസംഗവും ഉണ്ടാകും. ഇങ്ങനെ ചെയ്യണമെന്നു ബൈബിളിൽ എവിടെയോ എഴുതി വച്ചിട്ടുണ്ട് എന്നത്രേ നാം കരുതുന്നത്. പഴയനിയമത്തിലെ പ്രതികാരത്തിന്റെ ദൈവത്തെയാണ് ഭൂരിപക്ഷം പാസ്റ്റർമാരും പ്രസംഗിക്കുന്നത്. അതിന്റെ പിന്നിൽ അവർക്ക് ഒരു ഗൂഢോദ്ദേശ്യവുമുണ്ട്. ദൈവം മഹാകോപക്കാരനാണെന്നും പാസ്റ്റർമാരോട് എതിർത്താൽ ദൈവം വിശ്വാസികളെ അതിഭീകരമായി ശിക്ഷിക്കുമെന്നും മറ്റുമാണ് ഇവർ പറയുന്നതിന്റെ ചുരുക്കം. വിശ്വാസികളെ നിലയ്ക്കു നിർത്താൻ ഇത്തരം ഭീകര പ്രസംഗങ്ങൾ ഏറെ സഹായകമാകുന്നു. പക്ഷേ ഇത്തരത്തിലുള്ള ഒരു ദൈവത്തെയല്ല പുതിയനിയമം അവതരിപ്പിക്കുന്നത് എന്ന വസ്തുത അറിഞ്ഞിരിക്കണം.

ഈ വിഷയത്തേക്കുറിച്ചു പറയുമ്പോൾ മിക്കവരും ചോദിക്കുന്ന ഒരു ചോദ്യമുണ്ട്: പഴയനിയമകാലത്തുള്ള ദൈവം തന്നെയല്ലേ ഇപ്പോഴുമുള്ളത്? ദൈവത്തിന്റെ സ്വഭാവത്തിനു മാറ്റം വരുമോ? പഴയനിയമകാലത്തെ ദൈവം തന്നെയാണ് ഇപ്പോഴുമുള്ളത്. ദൈവത്തിന്റെ സ്വഭാവത്തിനു മാറ്റം വരുന്നുമില്ല. പക്ഷേ ഓരോ കാലത്തും നിലവിലുള്ള നിയമം അനുസരിച്ചാണ് ദൈവം മനുഷ്യനോട് ഇടപെടുന്നത്. ഒരു ഉദാഹരണംകൊണ്ട് ഇതു വ്യക്തമാക്കാം:

കൊലപാതകം പോലുള്ള കുറ്റത്തിന് വധശിക്ഷ നൽകുന്ന നിയമമാണ് ഇപ്പോൾ ഇന്ത്യയിലുള്ളത്. അതുകൊണ്ട് ഈ രാജ്യത്തെ കോടതികൾ ഇക്കാലത്തു വധശിക്ഷ വിധിക്കാറുണ്ട്. പക്ഷേ നാളെ നിയമം മാറുന്നു എന്നിരിക്കട്ടെ. കൊലപാതകത്തിനുള്ള പരമാവധി ശിക്ഷ ജീവപര്യന്തം എന്ന നിയമം വരുന്നു. കൊലപാതകിക്ക് ഇന്നു വധശിക്ഷ വിധിച്ച അതേ കോടതി നാളെ കൊലപാതകിക്ക് ജീവപര്യന്തം ശിക്ഷ വിധിക്കുന്നു. കോടതിക്കു മാറ്റം വന്നില്ല. കോടതിയുടെ സ്വഭാവത്തിനും മാറ്റം വന്നില്ല. പക്ഷേ നിയമം അനുസരിച്ചു മാത്രമേ കോടതി ശിക്ഷ വിധിക്കൂ. ദൈവം മനുഷ്യരോട് ഇടപെടുന്നതും ഇങ്ങനെതന്നെ. ന്യായപ്രമാണം എന്ന കൊല്ലുന്ന നിയമം നിലവിലുണ്ടായിരുന്ന കാലത്ത് ദൈവം അതിനനുസരിച്ച് ഇടപെട്ടു. ഇപ്പോൾ ന്യായപ്രമാണമല്ല പുതിയനിയമമാണ് നിലവിലുള്ളത്. പുതിയനിയമം കൃപയുടെ നിയമമാണ്. അതുകൊണ്ട് ദൈവം കൃപയുടെ ദൈവമായി വെളിപ്പെടുന്നു. വളരെ അപൂർവ്വമായി മാത്രമേ ദൈവം ഇപ്പോൾ മനുഷ്യരെ ശിക്ഷിക്കുന്നുള്ളൂ. പാസ്റ്റർമാർ വിശ്വാസികളെ ഭയപ്പെടുത്താനായി നടത്തുന്ന പ്രസംഗങ്ങൾ മുഖവിലക്കെടുക്കേണ്ടതില്ല.

പഴയനിയമവും പുതിയനിയമവും തമ്മിലുള്ള വ്യത്യാസം മുടിയൻ പുത്രന്റെ ഉപമയിലൂടെ കർത്താവു വ്യക്തമാക്കുകയുണ്ടായി. തീനിയും കുടിയനുമായ മകനെ മാതാപിതാക്കൾ വീട്ടിൽ നിന്നു വലിച്ചിറക്കി കൊണ്ടുപോയി വധശിക്ഷ നൽകുന്ന കാഴ്ചയാണ് പഴയനിയമത്തിൽ കാണുന്നത് (ആവ. 21: 19-21). ചുങ്കക്കാരോടും പാപികളോടും ഈ വിധത്തിൽ ഇടപെടേണ്ടതാണ് എന്നത്രേ പരീശൻമാരും ശാസ്ത്രിമാരും കരുതുന്നത്. പക്ഷേ അതിനു വിപരീതമായി യേശു ഇടപെടുന്നതു കണ്ടപ്പോൾ അവർ പിറുപിറുത്തു. അപ്പോൾ യേശു അവർക്കു നൽകിയ മറുപടിയാണ് ലൂക്കോ.15ൽ കാണുന്നത്. യേശു പഴയനിയമത്തിലെ പിതാവല്ല പുതിയനിയമത്തിലെ പിതാവാണ്. തീനിയും കുടിയനുമായ മകനെ വീട്ടിൽ നിന്നു വലിച്ചിറക്കി പട്ടണത്തിൽ കൊണ്ടുപോയി കല്ലെറിയുന്ന പിതാവല്ല പുതിയനിയമത്തിലെ പിതാവ്. എല്ലാം നശിപ്പിച്ചിട്ട് പട്ടണത്തിൽ നിന്നു മടങ്ങിവരുന്ന മകനെ ഓടിച്ചെന്നു സ്വീകരിക്കുന്ന സ്നേഹസ്വരൂപനായ പിതാവാണു പുതിയ നിയമത്തിലുള്ളത്.

രക്ഷിക്കപ്പെടാത്തവരെ ദൈവം പുതിയനിയമകാലത്ത് വളരെ അപൂർവ്വമായി മാത്രമേ ശിക്ഷിക്കാറുള്ളൂ. ഇത്തരക്കാർക്കുള്ള ശിക്ഷ അന്ത്യന്യായവിധിയിലാണ് നൽകുന്നത്. രക്ഷിക്കപ്പെട്ടവർ തെറ്റു ചെയ്താൽ ദൈവം ബാലശിക്ഷ നൽകും. അതേപ്പറ്റി കഴിഞ്ഞ ലക്കത്തിൽ വിശദീകരിച്ചിരുന്നല്ലോ. പറഞ്ഞുവന്നതിന്റെ ചുരുക്കം ഇതാണ്: പുതിയ നിയമത്തിലെ ദൈവം സ്നേഹസ്വരൂപനാണ്, ജീവൻ നൽകുന്നവനാണ്. അതുകൊണ്ട് അനാവശ്യ ഭയങ്ങൾ ഒഴിവാക്കുക. ദൈവസ്നേഹം അനുഭവിച്ചറിയുക.

# ഡിഫെൻഡർ മറുപടി പറയുന്നു

? ഈയിടെ ഒരു പാസ്റ്ററുടെ മകളുടെ വിവാഹനിശ്ചയത്തിൽ ഞാൻ പങ്കെടുത്തു. 10 ലക്ഷം രൂപയാണ് സ്ത്രീധനമായി ഈ പാസ്റ്റർ കൊടുത്തത്. ഇതേപ്പറ്റി ഡിഫെൻഡറിന് എന്താണു പറയാനുള്ളത്? (ഒരു പാസ്റ്റർ).

■ സ്ത്രീധനം ചോദിക്കുന്നതും കൊടുക്കുന്നതും വാങ്ങുന്നതും 1961ലെ സ്ത്രീധന നിരോധന നിയമം അനുസരിച്ച് കുറ്റകരമാണ്. സ്ത്രീധനം കൊടുക്കുകയോ വാങ്ങുകയോ ചെയ്താൽ അഞ്ചു വർഷത്തിൽ കുറയാത്ത കാലത്തേക്ക് തടവുശിക്ഷ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന വെബ്സൈറ്റ് നോക്കുക: www.sudhirlaw.com/DOWRYACT.htm

ഈ വിഷയത്തേക്കുറിച്ച് മറ്റു ചില കാര്യങ്ങൾ കൂടി പറയാനുണ്ട്. തിരുവിതാംകൂറിൽ നിലനിന്നിരുന്ന നിയമം അനുസരിച്ച് ക്രൈസ്തവ കുടുംബത്തിലെ ആൺകുട്ടികൾക്കു ലഭിക്കുന്ന ഷെയറിന്റെ അഞ്ചിൽ ഒന്ന് അല്ലെങ്കിൽ 5000 രൂപ, ഇതിൽ ഏതാണോ കുറവ്, അതു ലഭിക്കാനുള്ള അവകാശം മാത്രമാണ് പെൺകുട്ടികൾക്കുണ്ടായിരുന്നത്. ഇന്ത്യക്കു സ്വാതന്ത്ര്യം ലഭിച്ചശേഷവും ഈ നിയമം തിരുവിതാംകൂറിൽ നിലനിന്നിരുന്നു. പക്ഷേ ഭരണഘടനയുടെ അടിസ്ഥാന തത്ത്വങ്ങൾക്കു വിരുദ്ധമായ ഈ നിയമത്തിനെതിരെ മേരി റോയി (അരുന്ധതി റോയിയുടെ അമ്മ) നടത്തിയ പോരാട്ടം ഫലം കണ്ടു. ഇപ്പോൾ മാതാപിതാക്കളുടെ സ്വത്തിൽ ആൺകുട്ടിക്കും പെൺകുട്ടിക്കും തുല്യ അവകാശമാണുള്ളത്.

സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും ശരിയോ എന്ന വിഷയമാണല്ലോ ചർച്ച ചെയ്യുന്നത്. അതുകൊണ്ട് ആ വിഷയത്തിലേക്കു മടങ്ങിവരാം. മാതാപിതാക്കളുടെ സ്വത്തിൽ ആൺമക്കൾക്കും പെൺമക്കൾക്കും തുല്യ അവകാശമാണുള്ളത്. പക്ഷേ മാതാപിതാക്കൾ ജീവനോടെ ഇരിക്കുന്ന കാലത്ത് തങ്ങളുടെ സ്വത്തുക്കൾ അവരുടെ ഇഷ്ടാനുസരണം മക്കൾക്കു കൊടുക്കുന്നതിനോ വിൽപ്പത്രം എഴുതുന്നതിനോ ഈ നിയമം തടസ്സമല്ല. എങ്കിലും മക്കളെ സ്നേഹിക്കുന്ന മാതാപിതാക്കൾ തങ്ങളുടെ വസ്തുവകകൾ എല്ലാ മക്കൾക്കും തുല്യമായി വീതം വച്ചു നൽകണം. അതാണു നീതി.

കുടുംബത്തിലെ ആൺകുട്ടികൾക്കു നൽകുന്നതിനു തുല്യമായ ഷെയർ പെൺകുട്ടികൾക്കും നൽകണം എന്നാണ് ഡിഫെൻഡറിനു പറയാനുള്ളത്. പക്ഷേ വിവാഹാലോചനയുമായി ബന്ധപ്പെട്ട് ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്യുകപോലും അരുത്. വിശദീകരിക്കാം:

വരന് അവന്റെ കുടുംബത്തിൽ നിന്നു ലഭിക്കുന്ന ഷെയർ വരന്റെ സ്വത്താണ്. അത് ഭാര്യക്കോ ഭാര്യവീട്ടുകാർക്കോ നൽകുന്ന പതിവില്ല. അതുപോലെ വധുവിന് അവളുടെ വീട്ടിൽ നിന്നു ലഭിക്കുന്ന ഷെയർ അവളുടെ സ്വത്താണ്. വരനോ വരന്റെ അപ്പനോ മറ്റു കുടുംബാംഗങ്ങൾക്കോ അതിൻമേൽ അവകാശമില്ല. വരന്റെ പിതാവ് വധുവിന്റെ ഷെയർ വാങ്ങി ചെലവഴിക്കുന്ന പരിപാടി ശരിയല്ല എന്നു ചുരുക്കം. വരന്റേയും വധുവിന്റേയും ഷെയറുകൾ ഒന്നിച്ചു ചേർത്താണ് അവരുടെ കുടുംബത്തിന്റെ അടിത്തറ ഇടേണ്ടത്. വരന്റെ അപ്പൻ വധുവിന്റെ ഷെയർ വാങ്ങി സ്വന്തം പെൺമക്കളെ കെട്ടിച്ചുവിടുന്ന പരിപാടി അങ്ങേയറ്റം ഹീനമാണ്.

വധുവിന്റെ ഷെയർ എപ്പോഴാണു നൽകേണ്ടത്? അതു തീരുമാനിക്കേണ്ടത് വധുവും വധുവിന്റെ കുടുംബാംഗങ്ങളും ചേർന്നാണ്. എത്ര രൂപ ഷെയറായി നൽകുമെന്ന് വരനോ വരന്റെ കുടുംബാംഗങ്ങളോ അന്വേഷിക്കരുത്. അത് എപ്പോൾ നൽകുമെന്നും ചോദിക്കരുത്. വരന്റെ ഷെയർ എത്രയെന്നോ അത് എപ്പോൾ നൽകുമെന്നോ വധുവിന് ചോദിക്കാൻ അവകാശമില്ലല്ലോ.

വധുവിന്റെ സ്വത്ത് എത്രയെന്ന വിഷയം വിവാഹവുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുന്നതു ശരിയായ നടപടിയല്ല. സ്വത്തിന്റെ പേരിലുള്ള വിലപേശൽ ഒഴിവാക്കണം. വരനും വധുവും തമ്മിലുള്ള യോജിപ്പാണ് പ്രധാനമായി പരിഗണിക്കേണ്ടത്. പ്രായം, വിദ്യാഭ്യാസം, കുടുംബപശ്ചാത്തലം തുടങ്ങി പലതും പരിഗണിക്കേണ്ടതായി വരും. പണം ഒഴികെയുള്ള വിഷയങ്ങളിൽ യോജിപ്പുണ്ടെങ്കിൽ വിവാഹം ഉറപ്പിക്കാം. ഇതാണ് വീണ്ടുംജനനം പ്രാപിച്ച ദൈവമക്കൾ ചെയ്യേണ്ടത്.

ഏട്ടിലെ പശു പുല്ലുതിന്നുകയില്ല എന്നറിഞ്ഞുകൊണ്ടാണ് ഇതൊക്കെ പറയുന്നത്. പക്ഷേ ഇതല്ലാതെ മറ്റൊന്നും ഈ വിഷയത്തിൽ പറയാൻ പറ്റില്ല എന്നതാണ് വസ്തുത.

ദ്രവ്യാഗ്രഹം സകല ദോഷത്തിനും കാരണമാണെന്ന് ദൈവവചനം പറയുന്നു. എന്നിട്ടും നാം ബുദ്ധിപഠിക്കുന്നില്ല. വിവാഹം ആലോചിക്കുമ്പോൾത്തന്നെ സ്ത്രീധനം എന്നത് സുപ്രധാന വിഷയമായി ചർച്ച ചെയ്യപ്പെടും. എത്ര കിട്ടണമെന്ന് വരനോ വരന്റെ പിതാവോ പ്രഖ്യാപിക്കും. കുറെ വിലപേശലുകൾക്കുശേഷം കച്ചവടം ഉറപ്പിക്കും. ലജ്ജാകരമെന്നല്ലാതെ എന്തു പറയാൻ.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒരിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുറിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

Address:
T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# സ്റ്റാൻലിയെ സൂക്ഷിക്കുക



തട്ടിപ്പുവീരനായ സ്റ്റാൻലി സൈമൺ അമേരിക്കയിൽ എത്തിയിരിക്കുന്നു. ഇവന്റെ ചതിയിൽ പെടാതിരിക്കാൻ ദൈവമക്കൾ സൂക്ഷിക്കണം.

ചക്കരവാക്കു പറഞ്ഞ് ആരേയും മയക്കാൻ കഴിവുള്ളവനാണ് സ്റ്റാൻലി. ഇവന്റെ പ്രസംഗവും സംസാരവും മറ്റും കേട്ടാൽ ഇവൻ തട്ടിപ്പുകാരനാണെന്ന് ആരും കരുതുകയില്ല. പക്ഷേ വിസക്കച്ചവടം, ഡോക്ട്രേറ്റ് കച്ചവടം, ശുദ്ധ തട്ടിപ്പ് തുടങ്ങി തട്ടിപ്പിന്റെ എല്ലാ സാദ്ധ്യതകളും പരമാവധി വിനിയോഗിച്ച് നൂറുകണക്കിന് ആളുകളെ കബളിപ്പിച്ചവനാണ് സ്റ്റാൻലി സൈമൺ. ഇവനേക്കുറിച്ച് ഡിഫെൻഡറിന്റെ മുൻലക്കങ്ങളിൽ എഴുതിയിട്ടുള്ളതിനാൽ ആവർത്തിക്കുന്നില്ല. കൂടുതൽ വിവരങ്ങൾ അറിയേണ്ടവർ ഡിഫെൻഡറിന്റെ 2007 ഡിസംബർ ഒന്ന്, 2008 ജനുവരി ഒന്ന് എന്നീ ലക്കങ്ങൾ നോക്കുക.

# അവറാന്റെ കാർ തകർത്തെന്നോ?

ഡിസംബർ 20ന് പുറത്തിറങ്ങിയ മരുപ്പച്ച ദ്വൈവാരികയുടെ ഒന്നാം പേജിൽ ''പാസ്റ്റർ കെ.എ.ഏബ്രഹാമിന്റെ വാഹനം തകർത്തു'' എന്ന തലക്കെട്ടോടെ ഒരു വാർത്തയുണ്ടായിരുന്നു. അവറാന്റെ വാഹനം ആരോ തകർത്തു തരിപ്പണമാക്കി എന്നു കരുതി ഈ വാർത്ത മുഴുവൻ വായിച്ചു. അപ്പോഴാണ് ഈ തലക്കെട്ട് ശുദ്ധ കള്ളമാണെന്നു മനസ്സിലായത്. ''ആക്രമത്തിൽ കെ.എ.ഏബ്രഹാമിന്റെ ഫോഡ് ഐക്കൺ കാറിന്റെ മുൻവശത്തെ ഗ്ലാസ്സ് തകർന്നു'' എന്നാണ് മരുപ്പച്ച പിന്നീടു പറയുന്നത്. സംഭവത്തിന്റെ യഥാർത്ഥ ചിത്രം ഹാലേലൂയ്യായുടെ ആദ്യ പേജിൽ കണ്ടു. കാറിന്റെ ചില്ല് പൊട്ടിയെന്നതു ശരിതന്നെ. പക്ഷേ ചില്ല് തകർന്നു വീണിട്ടില്ല. ഇൻഷ്വറൻസുണ്ടെങ്കിൽ പണച്ചെലവില്ലാതെ പുതിയ ചില്ലിട്ടു കിട്ടും. ഇല്ലെങ്കിൽ സ്വന്തം പോക്കറ്റിൽ നിന്നു പണം മുടക്കി ചില്ലു മാറിയിടാം. യഥാർത്ഥത്തിൽ നടന്നതെന്ത്? പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂരിൽ അവറാൻ, പതാക മോഡലിൽ, എന്തോ പ്രസംഗിച്ചു. മടങ്ങി വരുന്ന വഴിക്ക് പാടിമണ്ണിൽ വച്ച് ആരോ കാറിന്റെ ചില്ലിൽ വടികൊണ്ടടിച്ചു. ഗ്ലാസ്സ് പൊട്ടി. ഇതാണ് ''വാഹനം തകർത്തു'' എന്ന വാർത്തയായി മാറിയത്. കളളം പറയുന്നതിനും ഒരു അതിരൊക്കെ വേണ്ടേ?

# മനു ഫ്ളോറിഡയിൽ

ഉമ്മവീരനായ മനു ചെറിയാൻ ഫ്ളോറിഡയിൽ വിലസുന്നു. വിശുദ്ധ ഉമ്മ ആവശ്യമുള്ളവർ എത്രയും വേഗം മനുവിനെ സമീപിക്കുക. മറ്റൊരു മണ്ഡലത്തിൽ നിന്നുകൊണ്ടു പ്രസംഗിക്കുകയും പ്രവചിക്കുകയും ചെയ്യുന്ന മനുവിൽ നിന്ന് ഉമ്മ വാങ്ങുക എന്നത് എന്തുകൊണ്ടും പുണ്യമാണ്. അതുമൂലമുണ്ടാകുന്ന അനുഗ്രഹങ്ങൾ എത്രത്തോളമെന്ന് ഡാളസ്സിലെ ഒരു പാസ്റ്ററും ഭാര്യയും അനുഭവിച്ചറിഞ്ഞതുമാണ്. സ്ത്രീകളോടാണ് മനു സാധാരണയായി പ്രവചിക്കുന്നത്. പ്രവചനം കേൾക്കാൻ സ്ത്രീകൾ മനുവിനെ ഫോണിൽ വിളിക്കാറുമുണ്ട്. ഓരോ സ്ത്രീക്കും എത്ര സാരിയുണ്ടെന്നുവരെ മനു ദർശനം കണ്ടു പറയും. ഇങ്ങനെയൊക്കെ പ്രവചിക്കാൻ മറ്റൊരു മണ്ഡലത്തിൽ നിൽക്കാതെ പറ്റില്ലെന്നു തീർച്ച. (മണ്ടന്മാർ ഭാഗ്യവാൻമാർ).



# അമ്മായിയപ്പനു സഭയുണ്ടെങ്കിൽ

അമ്മായിയപ്പനു പണമുണ്ടെങ്കിൽ സംബന്ധം പരമാനന്ദം എന്നൊരു ചൊല്ലുണ്ട്. പക്ഷേ ടി.ജി.കോശിയുടെ മരുമകന്റെ അനുഭവം വച്ചു പറഞ്ഞാൽ ഈ പഴഞ്ചൊല്ല് അല്പം തിരുത്തണം. അമ്മായിയപ്പനു സഭയുണ്ടെങ്കിൽ മരുമകന് ഇഷ്ടംപോലെ വിളയാടാം. സംശയമുള്ളവർ ഈയിടെ ബോംബെയിൽ നടന്ന ഒരു സംഭവകഥ കേൾക്കുക.

ശാരോനിൽ ടി.പിയുടെ ശാരോൻ, ടി.ജിയുടെ ശാരോൻ തുടങ്ങി പലവിധ ശാരോനുകളുണ്ട്. വടക്കേ ഇന്ത്യയിലുള്ള ഭൂരിപക്ഷം ശാരോനുകളും ടി.ജിയുടെ ശാരോനാണ്. ബോംബെയിൽ ഉള്ള ഇത്തരം ഒരു ശാരോനിൽ ഈയിടെ എന്തോ പ്രശ്നമുണ്ടായി. പ്രശ്നം തീർക്കാൻ ടി.ജി.കോശിയുടെ ഇളയ മരുമകൻ ആരും അയയ്ക്കാതെ എത്തി. പാസ്റ്റർ പരസ്യമായി ക്ഷമ പറഞ്ഞ് പ്രശ്നം തീർക്കാൻ സർവ്വശക്തനായ മരുമകൻ ഉത്തരവിട്ടു. പക്ഷേ പാസ്റ്റർ അതിനു തയ്യാറായില്ല. ഭൂരിപക്ഷം വിശ്വാസികളും പാസ്റ്ററുടെ നിലപാട് ശരിവച്ചു. അതോടെ മരുമകൻ കോപിച്ചു. മേല്പടി സഭയ്ക്ക് ഇനിമേൽ ശാരോനുമായി ഒരു ബന്ധവും ഉണ്ടായിരിക്കയില്ല എന്ന് പ്രഖ്യാപിക്കയും ചെയ്തു. (ഭേഷ്)

ഒരു വിശ്വാസിയെ ശാരോനിൽ നിന്നു പുറത്താക്കണമെങ്കിൽ കൗൺസിൽ തീരുമാനിക്കണം എന്നാണ് ചട്ടം. പക്ഷേ ഒരു സഭയെ മുഴുവൻ പുറത്താക്കാൻ മരുമകൻ മതി.

# ടി.വി സ്വപ്നം വാടിക്കരിഞ്ഞു

ഷാജി സുകുമാരന്റെ ടി.വി ചാനൽ സ്വപ്നം വാടിക്കരിഞ്ഞു. ഇന്ത്യയിലെങ്ങും കേബിൾ വഴിയായും ലോകമെങ്ങും ഇന്റർനെറ്റിലൂടെയും ടി.വി ചാനൽ തുടങ്ങാൻ പോകുന്നു എന്നായിരുന്നു പ്രചരണം. ഈ വകയിൽ കുറെ പണം പിരിക്കയും ചെയ്തു. പക്ഷേ ഇയാൾ തട്ടിപ്പുകാരനാണെന്ന വസ്തുത ഡിഫെൻഡർ പുറത്താക്കിയതോടെ ആരും പണം കൊടുക്കാതായി. അങ്ങനെ ചാനലിന്റെ പേരുപറഞ്ഞുള്ള തട്ടിപ്പ് പൊളിഞ്ഞു. ഇപ്പോൾ ഇന്റർനെറ്റ് റേഡിയോ, അനാഥശാല, ബൈബിൾ കോളേജ് തുടങ്ങിയവയുടെ പേരുപറഞ്ഞാണ് തട്ടിപ്പു തുടരുന്നത്.

# ഉമ്മ സ്വീകാര്യം

''എവൻ പൊട്ടാണ്ടി എവൻ കൂടെ പോനാൽ നമുക്കെന്ന, നമ്മ പൊണ്ടാട്ടി നാലാളു കൂടെ പോനാൽ താൻ നമുക്കു മതിപ്പ്'' എന്ന് പണ്ടൊരു മഹാൻ പറഞ്ഞതായി കേട്ടിട്ടുണ്ട്. ഏതാണ്ട് ഈ നിലവാരത്തിലുള്ള ഒരാളാണ് ഡാളസ്സിൽ മനുവിന്റെ ഉമ്മ വാങ്ങിയ സ്ത്രീരത്നത്തിന്റെ പ്രിയ കണവൻ. ഇയാളുടെ പേര് ഡിഫെൻഡർ പറഞ്ഞില്ലെങ്കിലും അമേരിക്കയിലുള്ള മിക്കവർക്കും ആളെ പിടികിട്ടി. അതുകൊണ്ട് പലരും ഇയാളോട് ഉമ്മക്കാര്യം തിരക്കി. അതിന് ഇയാൾ പറഞ്ഞ മറുപടി ഇതാണ്: ''എന്റെ ഭാര്യയെ മനു ഉമ്മ വച്ചതിൽ എനിക്കു വിരോധമില്ല. പിന്നെ നിങ്ങൾക്കെന്താ?'' ഇയാളെ ഡിഫെൻഡർ ''കൊജ്ഞാണൻ'' എന്നു വിളിച്ചതിന്റെ ഗുട്ടൻസ് ഇപ്പോഴെങ്കിലും പിടികിട്ടിയോ മാളോരേ?

# മോനച്ചനും പറ്റി അമളി



അമ്മാവനു പറ്റിയ അമളി എന്ന പേരിൽ ഒരു സിനിമയുണ്ട്. അതുപോലെ, മോനച്ചനു പറ്റിയ അമളി എന്നൊരു സിനിമ ഇറക്കാനുള്ള വഹയുണ്ട് ഈ കഥയിൽ.

സംഭവം നടന്നിട്ട് ഏതാനും വർഷങ്ങളായി. ഇന്ത്യയിലോ അബുദാബിയിലോ അല്ല ഈ സംഭവം നടന്നത്, അങ്ങു ദൂരെ ഈജിപ്തിലാണ്. യിസ്രായേൽ സന്ദർശിക്കാൻ പോയ ഒരു സംഘത്തോടൊപ്പം മോനച്ചനും പോയി. (അതിൽ തെറ്റില്ല). യാത്രയ്ക്കിടയിൽ നൈൽ നദിയിലൂടെ ഒരു ബോട്ട് സഞ്ചാരമുണ്ട്. വിശുദ്ധനാട് സന്ദർശിക്കാൻ എത്തുന്ന അശുദ്ധൻമാർക്കു വേണ്ട വിഭവങ്ങൾ ആ ബോട്ടിലുണ്ട്. (അതിലൊന്നും താല്പര്യമില്ലാത്തവർക്കു മുകളിലത്തെ നിലയിൽ ഇരിക്കാം). ഏതായാലും മോനച്ചൻ അശുദ്ധന്മാരോടൊപ്പം ചേർന്നു. വസ്ത്രമെന്ന പേരിൽ ചില തുണിക്കഷണങ്ങൾ അങ്ങിങ്ങായി ധരിച്ച പെണ്ണുങ്ങളുടെ ഡാൻസ് ആസ്വദിച്ച് മോനച്ചൻ ഇരുന്നു. ഈ വിശുദ്ധ വനിതകൾ മോനച്ചൻ ഉൾപ്പെടെയുള്ളവരുടെ മടിയിൽ വന്നിരിക്കുകയും ഒരു ഇടക്കാലാശ്വാസം എന്ന നിലക്ക് മോനച്ചൻ അതൊക്കെ അംഗീകരിക്കയും ചെയ്തു. (എള്ളുകൊറിച്ചാൽ എള്ളോളം). എല്ലാം കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ ഒരു ഫോട്ടോഗ്രാഫർ മോനച്ചന് കുറെ ഫോട്ടോകൾ വച്ചുനീട്ടി. ഫോട്ടോ കണ്ട് മോനച്ചൻ ഞെട്ടി. മോനച്ചന്റെ മടിയിൽ ഡാൻസുകാരികൾ ഇരിക്കുന്നു. ആ ഫോട്ടോകൾ ആരേയും കാണിക്കാനാവില്ല. അതുകൊണ്ട് മോനച്ചൻ അവ വാങ്ങിയുമില്ല. തിരികെ ബസ്സിൽ വന്നിരുന്നപ്പോഴാണ് മോനച്ചനു ബോധോദയമുണ്ടായത്. ആ ഫോട്ടോകൾ വാങ്ങി നശിപ്പിക്കണം. അല്ലെങ്കിൽ കുഴപ്പമാണ്. ഉടൻ ഫോട്ടോഗ്രാഫറെ കണ്ടുപിടിച്ച് ഫോട്ടോകൾ ചോദിച്ചു. പക്ഷേ അതിനിടയിൽ ആരോ ആ ഫോട്ടോകൾ വാങ്ങിക്കഴിഞ്ഞിരുന്നു. ആരാണതു വാങ്ങിയത്. ഏറെനേരം അന്വേഷിച്ചെങ്കിലും ഫോട്ടോ വാങ്ങിയ ആളെ മോനച്ചനു കണ്ടെത്താനായില്ല. (പേടിക്കണ്ട, ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കാൻ കൊള്ളാത്തത്ര മോശമാണ് ആ ഫോട്ടോകൾ. അതുകൊണ്ട് ഡിഫെൻഡറിൽ അവ വരില്ല).

# ബിനു ആസ്ട്രേലിയയിൽ



കുപ്രസിദ്ധ കള്ളപ്രവാചകനായ ബിനു ചെന്നിത്തല ആസ്ട്രേലിയയിൽ എത്തിയിരിക്കുന്നു. ദൈവമക്കൾ സൂക്ഷിക്കുക. ഇംഗ്ലണ്ട്, കാനഡ എന്നിവിടങ്ങളിൽ ശുശ്രൂഷ നിവർത്തിച്ചശേഷമാണ് ഈ പഹയൻ ആസ്ട്രേലിയയിൽ എത്തിയിരിക്കുന്നത്. സ്ത്രീകളോട്, വിശേഷിച്ചും പെൺകുട്ടികളോട് പ്രവചനം പറയുന്നതിലാണ് ഈ വിശുദ്ധന് താല്പര്യം. പ്രവചനം പറഞ്ഞശേഷം മൊബൈൽ നമ്പറും വാങ്ങും. അതുകഴിഞ്ഞ് ഈ സ്ത്രീകളോട് രാത്രിയിൽ ഇവൻ കുറെ പ്രവചനം പറയും. അതാണ് സാക്ഷാൽ പ്രവചനം. ഇംഗ്ലണ്ടിലും കാനഡയിലും ഇവൻ ഇത്തരത്തിലുള്ള പ്രവചന ശുശ്രൂഷ നടത്തി. ആസ്ട്രേലിയയിലും തരം കിട്ടിയാൽ നടത്തും. പെന്തക്കോസ്തുകാർ ഇതൊക്കെ ഡിഫെൻഡറിലൂടെ അറിഞ്ഞുകഴിഞ്ഞതുകൊണ്ട് ഇപ്പോൾ സമുദായക്കാരുടെ ഇടയിലാണ് ബിനു ചെന്നിത്തല വിലസുന്നത്.



# റ്റി.എസ്.ബാലനു വേറെ പണിയില്ലേ?

റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ വീണ്ടുംജനനം പ്രാപിച്ചിട്ട് ഇപ്പോൾ 35 വർഷത്തോളമായി. സത്യവിശ്വാസത്തിന്റെ സംരക്ഷണത്തിനായി ഞാൻ നാളിതുവരെ പോരാടുകയും ചെയ്യുന്നു. ദുരുപദേശക്കാരേയും ദുർന്നടപടിക്കാരേയും സഹിക്കാനുള്ള കഴിവ് എനിക്കില്ല. അതുകൊണ്ട് ഇത്തരക്കാർക്കെതിരേ ഞാൻ ശക്തിയായി പ്രതികരിക്കുന്നു. ഇതൊക്കെ കാണുമ്പോൾ മിക്കവരും എന്നോടു ചോദിക്കുന്ന ഒരു ചോദ്യമുണ്ട്: “നിങ്ങൾക്കു വേറെ പണിയില്ലേ”. ഈ ചോദ്യത്തിന് അന്നും ഇന്നും എനിക്ക് ഒരു ഉത്തരമേ പറയാനുള്ളൂ: “എനിക്ക് മറ്റു പല പണികളുമുണ്ട്. പക്ഷേ ഇതാണ് എന്റെ പ്രധാന പണി”.

ഏവരുടേയും വെറുപ്പു സമ്പാദിക്കുന്ന ഈ പണി ഞാൻ എന്തുകൊണ്ടു ചെയ്യുന്നു? അതിന് വ്യക്തമായ ഉത്തരമുണ്ട്:

വെള്ളമാണെന്നു കരുതി ഒരാൾ വിഷം കുടിക്കാൻ തുടങ്ങുന്നതു കണ്ടാൽ നിങ്ങൾ എന്തുചെയ്യും? നിങ്ങൾ എന്തു ചെയ്യുമെന്ന് നിങ്ങൾക്കു മാത്രമേ പറയാൻ പറ്റൂ. പക്ഷേ ഞാൻ എന്തു ചെയ്യുമെന്നു പറയാം: അതു വിഷമാണെന്നും അതു കുടിച്ചാൽ മരണം ഉറപ്പാണെന്നും ഞാൻ മുന്നറിയിപ്പു കൊടുക്കും. എന്റെ വാക്കിനു വില കല്പിക്കാതെ അയാൾ ആ വിഷം കുടിച്ചെന്നു വരാം. പക്ഷേ അയാളുടെ മരണത്തിന് ഞാൻ ഉത്തരവാദിയല്ല.

ദൈവവചനത്തിൽ നിന്നും ഒരു വിശദീകരണം തരാം: ദൈവം പ്രവാചകനോടു പറയുന്നത് ഇതാണ്: “മനുഷ്യപുത്രാ, ഞാൻ നിന്നെ യിസ്രായേൽ ഗൃഹത്തിനു കാവല്ക്കാരനാക്കിയിരിക്കുന്നു; നീ എന്റെ വായിൽ നിന്നു വചനം കേട്ട് എന്റെ നാമത്തിൽ അവരെ പ്രബോധിപ്പിക്കണം. ഞാൻ ദുഷ്ടനോട്: നീ മരിക്കും എന്നു കല്പിക്കുമ്പോൾ നീ അവനെ ഓർമ്മിപ്പിക്കുകയോ, ദുഷ്ടനെ ജീവനോടെ രക്ഷിക്കേണ്ടതിന് അവൻ തന്റെ ദുർമ്മാർഗ്ഗം വിടുവാൻ അവനെ ഓർമ്മിപ്പിച്ചുകൊണ്ട് ഒന്നും പറയുകയോ ചെയ്യാതിരുന്നാൽ, ദുഷ്ടൻ തന്റെ അകൃത്യത്തിൽ മരിക്കും; അവന്റെ രക്തമോ ഞാൻ നിന്നോടു ചോദിക്കും. എന്നാൽ നീ ദുഷ്ടനെ ഓർമ്മിപ്പിച്ചിട്ടും അവൻ തന്റെ ദുഷ്ടതയും ദുർമ്മാർഗ്ഗവും വിട്ടുതിരിയുന്നില്ലെങ്കിൽ അവൻ തന്റെ അകൃത്യത്തിൽ മരിക്കും; നീയോ നിന്റെ പ്രാണനെ രക്ഷിച്ചിരിക്കുന്നു”.

ഇന്നും ദൈവം തന്റെ ദാസൻമാരോട് ഇതുതന്നെയാണു പറയുന്നത്. പക്ഷേ ഭൂരിപക്ഷം ദൈവദാസൻമാർക്കും സത്യം തുറന്നു പറയാനുള്ള ധൈര്യമില്ല. മറ്റുള്ളവരുടെ അപ്രീതി സമ്പാദിക്കാൻ അവർ തയ്യാറല്ല. എന്നാൽ അതല്ല എന്റെ നിലപാട്. ആരെല്ലാം പിണങ്ങിയാലും ഞാൻ സത്യം പറയും.

പ്രജാപതി ക്രിസ്തുവല്ല അന്യദൈവമാണെന്നു ഞാൻ പറഞ്ഞപ്പോൾ മിക്കവരും എനിക്കെതിരെ തിരിഞ്ഞു. എന്നാൽ അവരുടെ അപ്രീതി അവഗണിച്ചുകൊണ്ട് ഞാൻ പോരാടി. അങ്ങനെയാണ് പ്രജാപതിയെന്ന അന്യദൈവം പെന്തക്കോസ്തിൽ നിന്ന് ഔട്ടായത്. ടി.എസ്.ഏബ്രഹാം, കെ.സി.ജോൺ, സുരേഷ് ബാബു, സാമച്ചൻ തുടങ്ങിയവർ വ്യഭിചാരികളാണെന്നും ഇവരെ സൂക്ഷിക്കണമെന്നും ഞാൻ നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നു. ഈ മുന്നറിയിപ്പ് അവഗണിക്കുന്നവർ അതിന്റെ ഫലം അനുഭവിക്കുമെന്നു തീർച്ച.

തങ്കു കടുത്ത ദുരുപദേശക്കാരനാണെന്നും ദുരാത്മാവാണ് ഇയാളെ നിയന്ത്രിക്കുന്നതെന്നും ഞാൻ പറയാൻ തുടങ്ങിയിട്ടു വർഷങ്ങൾ പലതായി. എത്രപേർ ഈ മുന്നറിയിപ്പ് ഗൗരവത്തിൽ എടുത്തു എന്നറിഞ്ഞുകൂടാ. ഏതായാലും തങ്കു ഏതു വിധത്തിലുള്ളവനാണെന്ന് ഇപ്പോഴിതാ വ്യക്തമായിരിക്കുന്നു. തങ്കു ക്രൂശിന്റെ ശത്രുവാണ്, ക്രൂശിക്കപ്പെട്ടവന്റെ ശത്രുവാണ്. രക്ഷയെ ബാധിക്കുന്നത്ര കൊടിയ ദുരുപദേശങ്ങൾ പഠിപ്പിക്കുന്നവനാണ്. ക്രൂശിക്കപ്പെട്ട യേശുവിനെ തള്ളിപ്പറയുന്നവൻ രക്ഷിക്കപ്പെട്ടവനല്ലെന്നു വ്യക്തമാണല്ലോ.

കെ.സി.ജോൺ ചാനലുണ്ടാക്കിയപ്പോൾ അതിനെതിരെ ഞാൻ പ്രതികരിച്ചു. ഈ ചാനലിലൂടെ ദൈവനാമമല്ല സാത്താന്റെ നാമമാണ് മഹത്വപ്പെടാൻ പോകുന്നത് എന്ന വസ്തുത ഞാൻ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ് ഇതിനെതിരെ പ്രതികരിച്ചത്. പവ്വർ വിഷൻ ഇപ്പോൾ എവിടെ എത്തിയിരിക്കുന്നു എന്നു നോക്കുക. സത്യസുവിശേഷം വളരെ അപൂർവ്വമായി മാത്രമേ ചവറിൽ സംപ്രേക്ഷണം ചെയ്യുന്നുള്ളൂ. വിശ്വാസസ്നാനം, വേർപാട് തുടങ്ങിയ സുപ്രധാന ഉപദേശവിഷയങ്ങളേക്കുറിച്ച് ചവറിലൂടെ ആരും നാളിതുവരെ കേട്ടിട്ടേയില്ല. പെന്തക്കോസ്തുകാർ എന്തൊക്കെ വിശ്വാസാചാരങ്ങൾക്കുവേണ്ടി പോരാടിയോ അതെല്ലാം പരിത്യജിച്ചിട്ട് സമുദായക്കാരുടെ സകലവിധ ദുരുപദേശങ്ങളും ചവർ പ്രചരിപ്പിക്കുന്നു. ക്രൂശിക്കപ്പെട്ട യേശുവിനെ വിശ്വസിക്കരുതെന്ന സുവിശേഷം മാലോകർ കേട്ടതും ചവറിലൂടെയാണ്.

കെ.സി.ജോൺ, ടി.ജെ ശാമുവൽ തുടങ്ങിയ പെന്തക്കോസ്ത് നേതാക്കൾ സാത്താന്റെ ദാസൻമാരാണെന്നു ഡിഫെൻഡർ നിരന്തരം എഴുതിക്കൊണ്ടിരിക്കയാണ്. പക്ഷേ ഇതു ഗൗരവത്തിൽ എടുക്കുന്നവർ ഏറെയില്ല. ഈ കള്ളൻമാർ കാട്ടിക്കൂട്ടുന്ന കൊള്ളരുതായ്മകൾ ഏറെയാണ്. ദൈവമക്കളെ തെരുവിലിറക്കി രാഷ്ട്രീയം കളിപ്പിക്കാനുള്ള ശ്രമം ഉദാഹരണമാണ്.

ഈ തിൻമകൾക്കൊക്കെ എതിരേ പോരാടാൻ മിക്കവരും തയ്യാറാകുന്നില്ല. പെന്തക്കോസ്തിൽ പത്രങ്ങൾ ഏറെയുണ്ടെങ്കിലും കുറെ കൺവൻഷൻ വാർത്തകളും കഴമ്പില്ലാത്ത ലേഖനങ്ങളും പ്രസിദ്ധീകരിച്ച് ഇവർ നിർവൃതിയടയുകയാണ്. സത്യം തുറന്നു പറഞ്ഞാൽ നേതാക്കൻമാർ പിണങ്ങും. നേതാക്കൻമാർ പിണങ്ങിയാൽ പരസ്യങ്ങൾ ലഭിക്കാതാകും. കൺവൻഷൻ ഗ്രൗണ്ടുകളിൽ പ്രവേശിക്കാനുമാകില്ല. അതുകൊണ്ട് ആരേയും പിണക്കാതെ കഴിഞ്ഞുകൂടാൻ ഇവർ ശ്രദ്ധിക്കുന്നു.

മുത്ത് അന്വേഷിച്ചു നടന്ന വ്യാപാരിയേപ്പോലെയായിരുന്നു ഞാൻ. വിലയേറിയ ഒരു മുത്തു കണ്ടെത്തിയപ്പോൾ ഞാൻ സകലതും വിറ്റ് അതുവാങ്ങി. വളരെ ചെറിയ ഒരു സാധനം വാങ്ങാനായി സകലതും കൊടുത്ത എന്നെ വിഡ്ഢിയായി പരിഗണിക്കുന്നവരോട് എനിക്കു പറയാനുള്ളതിതാണ്: നിങ്ങൾക്ക് ഈ മുത്തിന്റെ വില അറിഞ്ഞുകൂടാ. അറിഞ്ഞിരുന്നെങ്കിൽ നിങ്ങൾ എന്നെ പരിഹസിക്കയില്ലായിരുന്നു. യേശുവിനെ നേടാനായി ഞാൻ എല്ലാം ത്യജിച്ചു. അതിലൂടെ ഞാൻ നേടിയത് നിത്യജീവനാണ്. അതിന്റെ വില എന്തെന്ന് എനിക്കറിയാം.

ക്രൂശിക്കപ്പെട്ട യേശു സാത്താനോടു പരാജയപ്പെട്ടവനാണെന്നും അവനെ വിശ്വസിക്കരുതെന്നും തങ്കുവിനു പറയാം. തങ്കുവിന് ആ ക്രൂശിന്റെ വില അറിഞ്ഞുകൂടല്ലോ. പക്ഷേ എന്നെ വീണ്ടെടുക്കാനായി ക്രൂശിലേറിയ എന്റെ രക്ഷകനെ എനിക്ക് തള്ളിക്കളയാനാവില്ല. കാണുന്നവരൊക്കെ മുഖം മറച്ചുകളയത്തക്കവിധം വിരൂപനായി യേശു ക്രൂശിൽ കിടക്കുന്ന രംഗം എനിക്കു മറക്കാൻ പറ്റില്ല. നിറഞ്ഞൊഴുകുന്ന കണ്ണുകളോടെയല്ലാതെ എനിക്ക് ക്രൂശിനേപ്പറ്റി പറയാനുമാവില്ല. ക്രൂശിക്കപ്പെട്ട യേശു എനിക്ക് അത്ര പ്രിയപ്പെട്ടവനാണ്. മാമ്മോന്റെ ദാസൻമാർക്ക് മനസ്സിലാകുന്ന കാര്യമല്ല ഇതൊന്നും. എനിക്കുവേണ്ടി കഷ്ടം സഹിച്ച യേശുവിനുവേണ്ടി എത്ര വലിയ കഷ്ടവും സഹിക്കാൻ ഞാൻ തയ്യാറാണ്. അതുകൊണ്ടാണു സത്യം പറയാൻ ഞാൻ ധൈര്യപ്പെടുന്നത്.


## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.
സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

# യേശുവിനെ സാത്താൻ തോല്പിച്ചെന്നോ?

''അര വൈദ്യൻ ആളെ കൊല്ലും'' എന്ന ചൊല്ല് തങ്കുവിന്റെ കാര്യത്തിൽ തികച്ചും ശരിയാണ്. ദൈവവചനത്തിന്റെ ആദ്യാക്ഷരങ്ങൾപോലും പഠിക്കാതെ പ്രസംഗിക്കാൻ തുടങ്ങി. ''ഇതാ വരുന്നു അനുഗ്രഹം'' എന്നു പ്രസംഗിക്കാൻ ദൈവവചനം പഠിച്ചേ മതിയാകൂ എന്നില്ലല്ലോ. ശ്രോതാക്കളിൽ ഭൂരിപക്ഷത്തിനും വിവരമില്ലാത്തതുകൊണ്ട് എതിർപ്പുണ്ടായതുമില്ല. അങ്ങനെ പ്രസംഗിച്ചു പ്രസംഗിച്ച് എന്തു വിഡ്ഢിത്തവും പ്രസംഗിക്കാം എന്ന സ്ഥിതിയിൽ എത്തിയിരിക്കയാണ് തങ്കു. ക്രൂശിക്കപ്പെട്ട യേശു സാത്താനോടു തോറ്റവനാണെന്നും യേശു 72 മണിക്കൂർ സമയം പാതാളത്തിൽ സാത്താനാൽ പീഡിപ്പിക്കപ്പെടുകയായിരുന്നു എന്നും തങ്കു പ്രസംഗിച്ചത് വിവരക്കേടിന്റെ കൊടുമുടിയിൽ എത്തിയതുകൊണ്ടാണെന്നു വ്യക്തം. ഏതായാലും ഈ വിഷയത്തേക്കുറിച്ച് ബൈബിൾ എന്തു പറയുന്നു എന്നു നോക്കാം:

കർത്താവായ യേശുക്രിസ്തു ക്രൂശിക്കപ്പെട്ടപ്പോൾ ജയിച്ചതാര്? ജയിച്ചത് സാത്താനാണെങ്കിൽ തങ്കു പറയുന്നതു ശരിതന്നെ. പക്ഷേ ബൈബിൾ അങ്ങനെയല്ല പറയുന്നത്. ''അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച് ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കൈയെഴുത്തു മായിച്ചു ക്രൂശിൽ തറച്ചു നടുവിൽനിന്നു നീക്കികളഞ്ഞു; വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വയ്പ്പിച്ചു ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി.'' കൊലോ. 2: 14-15.

യേശുക്രിസ്തു ക്രൂശിക്കപ്പെട്ടപ്പോൾ സാത്താൻ ജയിച്ചു എന്നല്ല സാത്താന്റെമേൽ യേശു ക്രൂശിൽവച്ച് ജയോത്സവം കൊണ്ടാടി എന്നാണ് ദൈവവചനം പറയുന്നത്. ഈ മർമ്മം മിക്കവർക്കും ഗ്രഹിക്കാൻ കഴിയുന്നില്ല എന്നതു ശരിതന്നെ. ഇതോടുള്ള ബന്ധത്തിൽ പൗലോസ് ഇപ്രകാരം പറയുന്നു: ''യഹൂദൻമാർ അടയാളം ചോദിക്കുകയും യവനൻമാർ ജ്ഞാനം അന്വേഷിക്കുകയും ചെയ്യുന്നു. ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു; യെഹൂദൻമാർക്ക് ഇടർച്ചയും ജാതികൾക്കു ഭോഷത്തവുമെങ്കിലും യെഹൂദൻമാരാകട്ടെ യവനൻമാരാകട്ടെ വിളിക്കപ്പെട്ട ഏവർക്കും ദൈവശക്തിയും ദൈവജ്ഞാനവുമായ ക്രിസ്തുവിനെ തന്നേ.'' 1 കൊരി. 1: 22-24.

മരത്തിന്മേൽ തൂങ്ങിയ യേശുവിനെ ശപിക്കപ്പെട്ടവനായി മാത്രമേ യഹൂദർക്കു കാണാൻ കഴിയൂ. ശത്രുക്കളോടു പരാജയപ്പെട്ട് കുരിശിൽ കിടന്നു നിലവിളിക്കുന്ന യേശുവിനെ ബലഹീനനും ഭോഷനുമായി മാത്രമേ ജാതികൾക്കു കാണാൻ കഴിയൂ. പക്ഷേ വിളിക്കപ്പെട്ടവർക്ക് യേശു ദൈവശക്തിയും ദൈവജ്ഞാനവുമാണ്. എങ്ങനെ? അതിനുള്ള ഉത്തരമാണ് പൗലോസ് കൊലോ. 1:14ൽ പറഞ്ഞത്.

പാപം എന്നത് കല്പനാലംഘനമാണ്. പക്ഷേ കല്പനയില്ലാത്തിടത്ത് ലംഘനവുമില്ല. ന്യായപ്രമാണമുള്ളതുകൊണ്ടാണ് പാപം ഉണ്ടായത്. മോഹിക്കരുത് എന്ന കല്പനയുള്ളതുകൊണ്ടാണ് മോഹിക്കുന്നതു പാപമായത്. കല്പന ഇല്ലാതായാൽ പാപവും ഇല്ലാതാകും. പക്ഷേ ദൈവകല്പന നിവർത്തിക്കുകയല്ലാതെ നീക്കാൻ പറ്റില്ല.

ഒരു മനുഷ്യനും ന്യായപ്രമാണം പൂർണ്ണമായി നിവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. ന്യായപ്രമാണത്തിന്റെ മദ്ധ്യസ്ഥനായ മോശെയും ദൈവത്തിന്റെ ഹൃദയപ്രകാരമുള്ളവനായിരുന്ന ദാവീദും വരെ പരാജയപ്പെട്ടു. അങ്ങനെ കല്പനകളും ചട്ടങ്ങളും നിറഞ്ഞ ന്യായപ്രമാണം മനുഷ്യരുടെ ശത്രുവായിത്തീർന്നു. പക്ഷേ യേശുവിനു ന്യായപ്രമാണം പൂർണ്ണമായി നിവർത്തിക്കാൻ കഴിഞ്ഞു. അതുകൊണ്ടാണ് യേശു പാപരഹിതനാണെന്നു ബൈബിൾ പറയുന്നത്. യേശു ക്രൂശിൽ മരിച്ചതോടെ ''ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കൈയെഴുത്തു മായിച്ചു ക്രൂശിൽ തറച്ചു നടുവിൽനിന്നു നീക്കികളഞ്ഞു''. ഇപ്പോൾ നാം ന്യായപ്രമാണത്തിന് അധീനരല്ല.

യേശു സാത്താന്റെ മുൻപിൽ പരാജയപ്പെട്ടതുകൊണ്ടാണോ ക്രൂശിക്കപ്പെട്ടത്? അല്ലെന്ന് ദൈവവചനം പറയുന്നു: ''എന്നാൽ അവനെ തകർത്തു കളയുവാൻ യഹോവയ്ക്ക് ഇഷ്ടം തോന്നി; അവൻ അവനു കഷ്ടം വരുത്തി; അവന്റെ പ്രാണൻ ഒരു അകൃത്യയാഗമായിത്തീർന്നിട്ട് അവൻ സന്തതിയെ കാണുകയും ദീർഘായുസ്സു പ്രാപിക്കുകയും യഹോവയുടെ ഇഷ്ടം അവന്റെ കൈയാൽ സാധിക്കുകയും ചെയ്യും.''

ആരാണ് യേശുവിനെ തകർത്തത്? സാത്താനാണോ? അല്ല, യഹോവയാണ്. സകല മനുഷ്യരുടേയും പാപം യേശു ചുമന്നൊഴിച്ചു. എല്ലാ മനുഷ്യരുടേയും പാപം യേശു സ്വയം ഏറ്റെടുക്കുകയും അതിനുള്ള ശിക്ഷ ഏറ്റുവാങ്ങുകയും ചെയ്തു. ഇതിലൂടെ സകല മനുഷ്യരുടേയും മോചനം യേശു സാദ്ധ്യമാക്കി. സാത്താന്റെ പിടിയിൽ നിന്നു സകല മനുഷ്യരേയും മോചിപ്പിച്ചു. അതുകൊണ്ടാണ് യേശു ക്രൂശിൽ സാത്താന്റെമേൽ ജയോത്സവം കൊണ്ടാടി എന്നു പറയുന്നത്. ക്രൂശിൽ കിടക്കുന്ന യേശു സാത്താന്റെ മുന്നിൽ പരാജയപ്പെട്ടു കിടക്കുകയല്ല ''വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വയ്പ്പിച്ചു ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി'' മാറ്റുകയാണ് ചെയ്തത്. അതുകൊണ്ടാണ് ദൈവദാസൻമാർ ക്രൂശിക്കപ്പെട്ട യേശുവിനെ പ്രസംഗിക്കുന്നത്. ക്രൂശിന്റെ ശത്രുക്കൾക്ക് ഇതൊന്നും മനസ്സിലാകില്ല.

യേശുവിനെ സാത്താൻ പാതാളത്തിൽ 72 മണിക്കൂർ പീഡിപ്പിച്ചു എന്ന കണ്ടുപിടുത്തം തങ്കുവിന്റെ സ്വന്തമാണെന്നു തോന്നുന്നു. ജനത്തിന്റെ പാപം ചുമന്നുകൊണ്ട് മരുഭൂമിയിലേക്കുപോയ ആട് സാത്താന്റെ പിടിയിൽ അകപ്പെട്ടെന്നും യേശുവാകുന്ന ഈ ആട് 72 മണിക്കൂർ പാതാളത്തിൽ സാത്താനാൽ പീഡിപ്പിക്കപ്പെട്ടു എന്നുമാണ് തങ്കു പ്രസംഗിച്ചത്. 72 മണിക്കൂർ കഴിഞ്ഞപ്പോൾ ദൈവം യേശുവിനെ രക്ഷിച്ചു. അങ്ങനെ യേശു സാത്താന്റെ പിടിയിൽ നിന്നു രക്ഷപ്പെട്ട് ഉയിർത്തെഴുന്നേറ്റു. ഇങ്ങനെയൊക്കെ പറയണമെങ്കിൽ അസ്സാധാണ വിവരക്കേടുവേണം.

പാതാളം എന്നത് സാത്താന്റെ അധീനതയിലുള്ള പ്രദേശമാണെന്നത്രേ തങ്കു ധരിച്ചുവച്ചിരിക്കുന്നത്. പാതാളത്തേക്കുറിച്ച് വിശദമായ പഠനം ''മരിച്ചവർ എവിടെ'' എന്ന പുസ്തകത്തിൽ ഉള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. യേശു എന്തിന് പാതാളത്തിൽ പോയി എന്ന വിഷയവും പുസ്തകത്തിലുണ്ട്.

തങ്കു പ്രസംഗിക്കുന്നത് മറ്റൊരു സുവിശേഷമാണെന്നും തങ്കുവിന്റെ യേശു മറ്റൊരു യേശുവാണെന്നും ഡിഫെൻഡർ പലവട്ടം എഴുതിയിട്ടും ബോദ്ധ്യമാകാത്തവർ നിരവധിയുണ്ട്. അത്തരക്കാർക്ക് ഇപ്പോഴെങ്കിലും ബുദ്ധിയുദിച്ചാൽ നന്ന്. പക്ഷേ ഐ.പി.സിയുടെ പ്രസിഡന്റായ കെ.സി. ജോണിന്റെ ചാനലിലൂടെയാണ് തങ്കു ഈ കൊടിയ ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്നതെന്ന വസ്തുത അവഗണിക്കാനാവില്ല.

## തങ്കുവിന്റെ യേശു സ്ത്രീയാണോ?

തങ്കുവിന്റെ യേശു സ്ത്രീയാണോ? ആണെന്നുവേണം കരുതാൻ. യേശുവിനെ അനുഗമിക്കുന്നവർക്ക് സാമ്പത്തിക നേട്ടം ഉണ്ടാകുമെന്നു തെളിയിക്കാനായി തങ്കു ഉദ്ധരിക്കുന്നത് സദൃ. 8: 20-21 ആണ്. ഈ വാക്യത്തിൽ ഇപ്രകാരം പറയുന്നു: 'എന്നെ സ്നേഹിക്കുന്നവർക്ക് വസ്തുവക അവകാശമാക്കിക്കൊടുക്കുകയും അവരുടെ ഭണ്ഡാരങ്ങളെ നിറയ്ക്കുകയും ചെയ്യേണ്ടതിന് ഞാൻ നീതിയുടെ മാർഗ്ഗത്തിലും ന്യായത്തിന്റെ പാതകളിലും നടക്കുന്നു.'

ആരാണ് ഈ വാക്യത്തിലെ 'ഞാൻ'? തങ്കുവിന് ഈ വിഷയത്തിൽ സംശയമില്ല. 'ഞാൻ' യേശു തന്നെ. യേശുവിനെ അനുഗമിക്കുന്നവരുടെ ഭണ്ഡാരങ്ങൾ നിറയുമെന്ന കാര്യത്തിലും തങ്കുവിനുറപ്പുണ്ട്. കഴിഞ്ഞ പത്തു വർഷം കൊണ്ട് തങ്കുവിന്റെ ഭണ്ഡാരം നിറഞ്ഞു കവിഞ്ഞല്ലോ.

ദൈവവചനം വസ്തുനിഷ്ഠമായി പഠിക്കുന്നവർക്ക് ഈ വാദഗതികൾ അംഗീകരിക്കാനാവില്ല. കാരണം, ഈ വാക്യങ്ങളിലെ 'ഞാൻ' യേശുവാണെങ്കിൽ ആ യേശു സ്ത്രീയാണ്. സംശയമുള്ളവർ സദൃ. 8 ആരംഭം മുതൽ വായിച്ചു നോക്കുക. ''ജ്ഞാനമായവൾ വിളിച്ചുപറയുന്നില്ലയോ? ബുദ്ധിയായവൾ തന്റെ സ്വരം കേൾപ്പിക്കുന്നില്ലയോ? അവൾ വഴിയരികെ മേടുകളുടെ മുകളിൽ പാതകൾ കൂടുന്നിടത്തു നില്ക്കുന്നു.അവൾ പടിവാതിലുകളുടെ അരികത്തും പട്ടണവാതില്ക്കലും ഗോപുരദ്വാരത്തിങ്കലും ഘോഷിക്കുന്നത്:''

ജ്ഞാനത്തെ ഒരു സ്ത്രീയായി സങ്കല്പിച്ചുകൊണ്ട് ശലോമോൻ എഴുതിയിരിക്കയാണ്. അവൾ പറയുന്ന വാക്കുകളാണ് തുടർന്നു നാം വായിക്കുന്നത്. ജ്ഞാനത്തെ അന്വേഷിക്കുന്നവരുടെ ഭണ്ഡാരങ്ങൾ നിറയുമെന്നല്ലാതെ യേശുവിനെ അനുഗമിക്കുന്നവരുടെ ഭണ്ഡാരം നിറയുമെന്ന് ദൈവവചനം പറയുന്നില്ല. മാത്രമല്ല, ഈ വാക്യങ്ങളിലുള്ള 'ഞാൻ' യേശുവാണെങ്കിൽ ആ യേശുവിനെ ദൈവം സൃഷ്ടിച്ചതാണെന്നുകൂടി പറയേണ്ടതായി വരും. ''യഹോവ പണ്ടുപണ്ടേ തന്റെ വഴിയുടെ ആരംഭമായി, തന്റെ പ്രവൃത്തികളുടെ ആദ്യമായി എന്നെ ഉളവാക്കി'' എന്ന് 22-ാം വാക്യത്തിൽ പറയുന്നുണ്ടല്ലോ. പക്ഷേ ഇതൊന്നും വിവരദോഷിയായ തങ്കുവിനു പ്രശ്നമല്ല.





## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

- **നിങ്ങളുടെ പേരിൽ ഡൊമെയ്ൻ രജിസ്റ്റർ ചെയ്യുന്നു.**
- **വെബ്സൈറ്റിന് ആവശ്യമായ സ്പേസ് വാങ്ങുന്നു.**
- **ഹോംപേജ് (ആദ്യ പേജ്) ഉണ്ടാക്കുന്നു.**

**ആകെ ചെലവ് - 2000 രൂപ മാത്രം**

**ഓരോ അധിക പേജിനും 500 രൂപ.**

**കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 9447414608**

RNI No. 68089 / 97
2009 January 1

THE DEFENDER

REGISTERED
KL/ALY/0031/2009-11

# ഡബ്ല്യൂ. എം. ഇ. – ഭോഷ്ക്കു പറയുന്നതാര്?

പെന്തക്കോസ്ത് നേതാക്കൻമാരെ ദൈവത്തേപ്പോലെ കാണുന്നവരാണ് ഭൂരിപക്ഷം പെന്തക്കോസ്തുകാരും. വിശ്വാസികളുടെ ഈ ബലഹീനത ചൂഷണം ചെയ്താണ് പെന്തക്കോസ്ത് നേതാക്കൻമാരും പ്രസംഗകരും ജനവഞ്ചന നടത്തുന്നത്. ഡബ്ല്യൂ.എം.ഇ.യുടെ മറവിൽ ഒ.എം.രാജുക്കുട്ടി ജനവഞ്ചന നടത്തുന്നതും ഈ വിധത്തിൽ തന്നെ.

ഡബ്ല്യൂ.എം.ഇ സഭയുടെ ദേശീയ പ്രസിഡന്റ് എന്ന് രാജുക്കുട്ടിയെ പരിചയപ്പെടുത്തിക്കൊണ്ടാണ് സങ്കീർത്തനത്തിലെ അഭിമുഖം ആരംഭിക്കുന്നത്. തട്ടിപ്പ് ഇവിടം മുതൽ ആരംഭിക്കുന്നു. 2005 നവംബർ രണ്ടാം തീയതി പത്തനംതിട്ടയിൽ രജിസ്റ്റർ ചെയ്ത സംഘടനയുടെ പ്രസിഡന്റാണ് രാജുക്കുട്ടി. അതുകൊണ്ട് സ്റ്റേറ്റ് പ്രസിഡന്റെന്നോ ദേശീയ പ്രസിഡന്റെന്നോ ഭൂലോക പ്രസിഡന്റെന്നോ വിളിക്കാം. ഏതു കള്ളനും ഈ വിധത്തിൽ ഒരു സംഘടന രജിസ്റ്റർ ചെയ്തിട്ട് അന്തർദേശീയ പ്രസിഡന്റാകാം. പക്ഷേ യഥാർത്ഥ ഡബ്ല്യൂ.എം.ഇയുടെ ദേശീയ പ്രസിഡന്റ് രാജുക്കുട്ടിയല്ല.

രാജുക്കുട്ടിയുടെ പ്രസ്ഥാനത്തിന്റെ ദേശീയ ട്രഷറാർ ആരാണെന്നുകൂടി അറിയുമ്പോൾ മാത്രമേ ഈ തട്ടിപ്പിന്റെ യഥാർത്ഥ ചിത്രം വ്യക്തമാകൂ. രാജുക്കുട്ടിയുടെ ഭാര്യയായ സൂസനാണ് ട്രഷറാർ. ഭാര്യയും ഭർത്താവും കൂടി കുറെ സാധുക്കളെ വിഡ്ഢികളാക്കുന്നു. അത്രതന്നെ. അല്പംകൂടി വിശദമായി പറയേണ്ട തട്ടിപ്പുകൾ ഈ വിഷയത്തിലുണ്ട്. എങ്കിലും ആ വിഷയത്തിലേക്കു കടക്കുന്നതിനു മുൻപായി മറ്റു ചില കാര്യങ്ങൾ വ്യക്തമാക്കേണ്ടതുണ്ട്.

യഥാർത്ഥ ഡബ്ല്യൂ.എം.ഇയുടെ നേതാക്കൻമാർ പെന്തക്കോസ്ത് ഉപദേശം ഉപേക്ഷിച്ചതുകൊണ്ടാണ് രാജുക്കുട്ടി പുതിയ സംഘടന ഉണ്ടാക്കിയതെന്നാണല്ലോ രാജുക്കുട്ടിയുടെ അവകാശവാദം. അതുകൊണ്ട് ചോദിക്കട്ടെ, എപ്പോഴാണ് ഡബ്ല്യൂ.എം.ഇ പെന്തക്കോസ്ത് ഉപദേശം വിട്ടുകളഞ്ഞത്? ഐസക്ക് കോമാനപ്പള്ളി ജീവനോടെ ഇരുന്ന കാലത്തുതന്നെ അവർ പെന്തക്കോസ്ത് ഉപദേശം വിട്ടുകളഞ്ഞു എങ്കിൽ അക്കാലത്തുതന്നെ ഡബ്ല്യൂ.എം.ഇയുമായുള്ള ബന്ധം വിട്ടുകളയാതിരുന്നതെന്ത്? ഐസക്ക് കോമാനപ്പള്ളിയുടെ മരണശേഷം ചില ആഴ്ചകളെങ്കിലും അവരുമായി തുടർന്നും സഹകരിച്ചതെന്തിന്? പെന്തക്കോസ്ത് ഉപദേശത്തിന്റെ പേരിലാണ് ഡബ്ല്യൂ.എം.ഇയുമായുള്ള ബന്ധം വിട്ടതെങ്കിൽ രൂത്തും കൂട്ടരും രാജുക്കുട്ടിയുമായി സഹകരിക്കാത്തതെന്ത്? അവരും പെന്തക്കോസ്ത് ഉപദേശം വിട്ടോ? രൂത്തിന്റെ മകനാണല്ലോ രാജുക്കുട്ടിയുടെ മകളെ വിവാഹം കഴിച്ചത്. മകളും മരുമകനും ഇപ്പോൾ പെന്തക്കോസ്തിലുണ്ടോ? ഈ ചോദ്യങ്ങൾക്ക് രാജുക്കുട്ടി മറുപടി പറയേണ്ടതുണ്ട്.

ആദർശത്തിന്റെ മൂടുപടമിട്ട് മറയ്ക്കാൻ ശ്രമിച്ചാലും സത്യം പുറത്തുവരുമെന്നുള്ള വസ്തുത രാജുക്കുട്ടി അറിഞ്ഞാൽ നന്ന്. പെന്തക്കോസ്ത് ഉപദേശമെന്നൊക്കെ പറഞ്ഞ് സാധുക്കളെ കബളിപ്പിക്കാൻ രാജുക്കുട്ടിക്ക് ബുദ്ധിമുട്ടുണ്ടാകുകയില്ല. പക്ഷേ എട്ടും പൊട്ടും തിരിയാത്തവരുടെ കൂട്ടത്തിൽ രാജുക്കുട്ടി ഡിഫെൻഡറിനേയും ഉൾപ്പെടുത്താമെന്നു കരുതുന്നതു തെറ്റാണ്. കാരണം, യഥാർത്ഥത്തിൽ നടന്നതെന്താണെന്ന് ഡിഫെൻഡറിനറിയാം. മരിക്കുന്നതുവരെ കോമാനപ്പള്ളി ഇന്ത്യയിലെ ഡബ്ല്യൂ.എം.ഇയുടെ മുടിചൂടാ മന്നനായിരുന്നു. കോമാനപ്പള്ളിയുടെ കാലശേഷം ഡബ്ല്യൂ.എം.ഇ തന്റെ കൈപ്പിടിയിൽ ഒതുക്കാനുള്ള തയ്യാറെടുപ്പ് രാജുക്കുട്ടി നടത്തിവന്നു. കോമാനപ്പള്ളിയുടെ മകൻ അധികാരം പിടിച്ചടക്കുമെന്നു സ്വാഭാവികമായും രാജുക്കുട്ടി കരുതി. അതുകൊണ്ട് രാജുക്കുട്ടി സ്വന്തം മകളെ കോമാനപ്പള്ളിയുടെ മകനു വിവാഹം കഴിച്ചുകൊടുത്തു. അമ്മായിയപ്പൻ നേതാവാകുന്നത് മരുമകൻ എതിർക്കുകയില്ലല്ലോ.

അങ്ങനെ കോമാനപ്പള്ളി മരിച്ചു. രാജുക്കുട്ടി നേതാവാകുകയും ചെയ്തു. മരുമകൻ എതിർത്തതുമില്ല. പക്ഷേ കോമാനപ്പള്ളിയുടെ ഭാര്യയായ രൂത്തിന് ഈ പരിപാടി അത്ര രസിച്ചില്ല. കോമാനപ്പള്ളിയുടെ കൈവശമുണ്ടായിരുന്നതൊന്നും വിട്ടുകൊടുക്കാൻ അവർ തയ്യാറായില്ല. അതോട പ്രശ്നമായി. ഒടുവിൽ പ്രശ്നം ഡബ്ല്യൂ.എം.ഇയുടെ അമേരിക്കൻ ഓഫീസിലെത്തി. അധികാരത്തിനായി കടിപിടി കൂട്ടുന്ന ഈ രണ്ടു പക്ഷത്തേയും സായിപ്പ് തുണച്ചില്ല. കോമാനപ്പള്ളി ഇന്ത്യയിലെ ഡബ്ല്യൂ.എം.ഇയുടെ അനിഷേധ്യ നേതാവായിരുന്നെങ്കിലും അത്തരം ഒരു അധികാരം ആർക്കും കൊടുക്കാനാവില്ലെന്ന് അവർ ശഠിച്ചു. രാജുക്കുട്ടിയും രൂത്തും അമേരിക്കൻ നേതൃത്വം നിയമിക്കുന്ന മറ്റുള്ളവരും ചേർന്ന് ഇന്ത്യയിലെ ഡബ്ല്യൂ.എം.ഇ ഭരിക്കണം. ആർക്കും സർവ്വാധിപത്യ മില്ല. ഇതായിരുന്നു സായിപ്പിന്റെ തീരുമാനം. പക്ഷേ ഇതു രാജുക്കുട്ടിക്കും രൂത്തിനും സ്വീകാര്യമായില്ല. അതുകൊണ്ട് ഇരുവരും വഴി പിരിഞ്ഞു. രാജുക്കുട്ടി



പത്തനംതിട്ടയിൽ ഒരു ഡൂപ്ലിക്കേറ്റ് ഡബ്ല്യൂ.എം.ഇ രജിസ്റ്റർ ചെയ്ത് ദേശീയ പ്രസിഡന്റായി. രൂത്ത് മറ്റൊരു ഡബ്ല്യൂ.എം.ഇയുടെ നേതാവുമായി. അങ്ങനെ ഇന്ത്യയിൽ ഇപ്പോൾ മൂന്നു ഡബ്ല്യൂ.എം.ഇകളുണ്ട്: അസ്സൽ ഡബ്ല്യൂ.എം.ഇ, രാജുക്കുട്ടിയുടെ ഡബ്ല്യൂ.എം.ഇ, രൂത്തിന്റെ ഡബ്ല്യൂ.എം.ഇ. പക്ഷേ ഈ സത്യമൊന്നും രാജുക്കുട്ടി പറയുകയില്ല.

പെന്തക്കോസ്ത് ഉപദേശത്തിന്റെ സംരക്ഷണത്തിനാണ് രാജുക്കുട്ടി ഡബ്ല്യൂ.എം.ഇ വിട്ടുപോന്നതെന്നാണു പ്രചരണം. പക്ഷേ ഇതു ശുദ്ധ ഭോഷ്ക്കാണ്. പലരും ധരിച്ചു വച്ചിരിക്കുന്നതുപോലെ ഡബ്ല്യൂ.എം.ഇ എന്നത് ഒരു സഭയല്ല സംഘടനയാണ്. വിശദീകരിക്കാം:

ഐ.പി.സി., ശാരോൻ, ചർച്ച് ഓഫ് ഗോഡ്, എ.ജി തുടങ്ങിയവ സംഘടനകളാണെങ്കിലും സഭകളെന്ന നിലയിലാണ് പ്രവർത്തിക്കുന്നത്. പക്ഷേ ഡബ്ല്യൂ.എം.ഇ എന്നത് ഈ വിധത്തിലുള്ള സഭയല്ല, സഭകളേയും ഇതര സുവിശേഷ പ്രവർത്തനങ്ങളേയും സഹായിക്കുന്ന മിഷനറി സംഘടനയാണ്. ഇത് ഡിഫെൻഡർ പറയുന്നതല്ല ഡബ്ല്യൂ.എം.ഇ തന്നെ പറയുന്നതാണ്. യഥാർത്ഥ ഡബ്ല്യൂ.എം.ഇയേക്കുറിച്ച് പൊതുജനം അറിയേണ്ട എല്ലാ വിവരങ്ങളും അവരുടെ www.wme.org എന്ന വെബ്സൈറ്റിലുണ്ട്. ഡബ്ല്യൂ.എം.ഇ എന്താണെന്ന് ഈ വെബ്സൈറ്റിൽ പറയുന്നത് ഇപ്രകാരമാണ്: WME's evangelistic mission is to build and equip native churches, sponsor native missionaries, support bible schools, provide gospel materials (bibles, tracts, children's VBS activites and banners) and provide church equipment (PA systems, tents, musical instruments and chairs).
www.wme.org/site/PageServer?pagename=about_main

ഓരോ ദേശത്തുമുള്ള സഭകളേയും മിഷനറിമാരേയും സഹായിക്കുക എന്നതല്ലാതെ സഭകൾ സ്ഥാപിക്കുക എന്നത് ഡബ്ല്യൂ.എം.ഇയുടെ പരിപാടിയല്ല. ശാരോൻ ഉൾപ്പെടെ നിരവധി സഭകൾക്ക് ഡബ്ല്യൂ.എം.ഇ ഈ വിധത്തിൽ സഹായം ചെയ്തിട്ടുണ്ട്, ഇപ്പോഴും ചെയ്യുന്നുമുണ്ട്. ഡബ്ല്യൂ.എം.ഇ ഇപ്പോൾ എന്തൊക്കെ പ്രവർത്തനങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്നും വെബ്സൈറ്റിലുണ്ട്. അവ താഴെ കൊടുക്കുന്നു:
www.wme.org/site/PageServer?pagename=about_what

Orphan and Child Sponsorship Programs, Homeless and Outcast Programs, Food for Hunger Projects, Water Relief Projects, Church Building Projects, Native Missionary Sponsorship Programs.

സഭകൾ സ്ഥാപിക്കുക എന്നൊരു പരിപാടി ഡബ്ല്യൂ.എം.ഇക്കില്ല എന്നു വ്യക്തമാണല്ലോ. അതുകൊണ്ട് ഡബ്ല്യൂ.എം.ഇ സഭ എന്നൊന്നില്ല എന്ന് ഏവരും അറിഞ്ഞിരിക്കണം.

അങ്ങനെയെങ്കിൽ രാജുക്കുട്ടി ഡബ്ല്യൂ.എം.ഇ സഭ എന്ന പേരിൽ നടത്തിവരുന്നത് എന്താണ്? 1995 വരെ ഈ സഭകൾ ഡബ്ല്യൂ.എം.ഇയുടെ സഹായത്തോടെ നടത്തപ്പെട്ടിരുന്നു. അതുകൊണ്ട് ഡബ്ല്യൂ.എം.ഇ സഭ എന്ന പേരിൽ അറിയപ്പെട്ടു. ഈ സഭകളുടെ വസ്തുവകകളും സഭാഹാളുകളും മറ്റും ഡബ്ല്യൂ.എം.ഇയുടെ പണം ഉപയോഗിച്ച് ഉണ്ടാക്കിയതാണ് എന്നു ചുരുക്കം. യഥാർത്ഥ ഡബ്ല്യൂ.എം.ഇയുമായി ബന്ധം പിരിഞ്ഞപ്പോൾ രാജുക്കുട്ടി ഈ വസ്തുവകകൾ മടക്കി കൊടുക്കേണ്ടതായിരുന്നു. പക്ഷേ അതു ചെയ്തില്ല. ഇപ്പോൾ രാജുക്കുട്ടി ഉണ്ടാക്കിയിട്ടുള്ള പുതിയ ഡബ്ല്യൂ.എം.ഇ എന്ന സംഘടന ഐ.പിസിയും ശാരോനും പോലെ ഒരു സഭയാണ്. എല്ലാ അധികാരങ്ങളും രാജുക്കുട്ടിയിൽ കേന്ദ്രീകരിച്ചിരിക്കുന്നു എന്നതാണ് വ്യത്യാസം.

സാധുക്കളായ പാസ്റ്റർമാരേയും വിശ്വാസികളേയും കബളിപ്പിച്ച് ഒപ്പം നിർത്താൻ ആദർശത്തിന്റെ മേലങ്കിയുമായാണ് രാജുക്കുട്ടി എത്തിയിരിക്കുന്നത്. അമേരിക്കയിലെ ഡബ്ല്യൂ.എം.ഇ പെന്തക്കോസ്ത് ഉപദേശം ഉപേക്ഷിച്ചെന്നും അതുകൊണ്ട് ആ പ്രസ്ഥാനവുമായുള്ള എല്ലാ ബന്ധങ്ങളും വിടേണ്ടതായി വന്നെന്നും മറ്റുമാണ് രാജുക്കുട്ടി പറയുന്നത്. ഇതൊക്കെ കേട്ട് സാധുക്കൾ ഹാലേലൂയ്യാ പറയുന്നുമുണ്ട്. പക്ഷേ രാജുക്കുട്ടി പച്ചക്കള്ളം പറയുകയാണെന്ന് ഡബ്ല്യൂ.എം.ഇയുടെ വെബ്സൈറ്റ് വ്യക്തമാക്കുന്നു. അമേരിക്കയിലുള്ള യഥാർത്ഥ ഡബ്ല്യൂ.എം.ഇ എന്താണു വിശ്വസിക്കുന്നതെന്ന് അവരുടെ വെബ്സൈറ്റിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. അത് www.wme.org/site/PageServer?pagename=about_statement എന്ന പേജിൽ വായിക്കാം.

വിശ്വാസസ്നാനവും പരിശുദ്ധാത്മസ്നാനവും ഉൾപ്പെടെയുള്ള എല്ലാം അവിടെയുണ്ട്. പെന്തക്കോസ്തുകാർക്ക് യോജിക്കാനാവാത്ത ഒരു വിശ്വാസവും ഡബ്ല്യൂ.എം.ഇക്ക് ഇല്ലെന്നു വ്യക്തം. അങ്ങനെയെങ്കിൽ രാജുക്കുട്ടി പറയുന്നത് ശുദ്ധ ഭോഷ്ക്കല്ലേ? ഇന്ത്യയിലെ നേതാവായി ഒരു ബിഷപ്പിനെ ഡബ്ല്യൂ.എം.ഇ നിയമിച്ചു എന്നതാണ് രാജുക്കുട്ടി ചൂണ്ടിക്കാട്ടുന്ന കുറ്റം. നാം കണ്ടു കഴിഞ്ഞതുപോലെ വിവിധ സഭകളെ സഹായിക്കുന്ന പ്രസ്ഥാനമാണ് ഡബ്ല്യൂ.എം.ഇ. ബിഷപ്പ് എന്ന പദവി ഉപയോഗിക്കുന്നവരോട് ഒരുകാലത്തും ഡബ്ല്യൂ.എം.ഇ അകലം പാലിച്ചിട്ടില്ല എന്നതാണ് സത്യം. ഈ വിഷയം അല്പംകൂടി വിശദമാക്കാനുണ്ട്. അത് അടുത്ത ലക്കത്തിലാകട്ടെ.

**എം.പി.3 സി.ഡികൾ ലോക്ക് ചെയ്യൂ കോപ്പിയടി അസാധ്യമാക്കൂ**

പാട്ടുകൾ, പ്രസംഗങ്ങൾ തുടങ്ങിയവ റൈറ്റ് ചെയ്തിട്ടുള്ള എം.പി.3 സി.ഡികൾ അനധികൃതമായി കോപ്പി ചെയ്യപ്പെടുന്നതു തടയാനായി വളരെ കുറഞ്ഞ ചെലവിൽ ലോക്ക് ചെയ്യാം.

**കൂടുതൽ വിവരങ്ങൾക്ക്: 9447414608**

http://www.wme.org/site/PageServer?pagename=about_statement

## WME's Statement of Faith

***Things We Most Surely Believe…***

- We believe the Bible is the inspired Word of God to man and is the infallible rule of faith and conduct.
- We believe there is one God, eternally existent in three persons: the Father, the Son, and the Holy Spirit.
- We believe in the deity of the Lord Jesus Christ, his virgin birth, his sinless life, his vicarious sufferings, his atoning death, his bodily resurrection, his glorious ascension, his abiding intercession, his imminent and personal return to translate the saints and those who sleep in Christ which is the blessed hope of the church, his millennial reign on earth, and his promise to create a new heavens and new earth.
- We believe man was created upright but fell by voluntary transgression and his only hope of redemption and salvation is by repentance and confession of faith in Jesus Christ the Son of God and regeneration by the Holy Spirit.
- We believe in the present ministry of the Holy Spirit by whose indwelling presence the Christian is enabled to live a sanctified life of righteousness and holiness which is the outward evidence of an inward grace.
- We believe in the resurrection of the saved unto eternal life and the finally impenitent unto eternal judgment.
- We believe in baptism by immersion by which a believer identifies himself with Christ in his death and resurrection, the Lord's Supper, the assembly of believers on the first day of the week according to apostolic practice, divine healing as a provision of the atonement, and the baptism of the Holy Spirit with signs following.
- We believe in the spiritual unity of all believers in our Lord Jesus Christ and that the Church is the Body of Christ and the habitation of God by the Spirit with divine appointment for the fulfillment of her great commission such that the ministry of evangelism is the responsibility of both the church and each and every Christian.

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan